
Bharath
Studios, Trichur

## ദൈവസേവനം അനുഷ്ഠിക്കുക!

★

**അതൊരു ലക്ഷ്യമാണ്.**

**അതിനൊരു മാർഗ്ഗം കൂടിയേ കഴിയൂ.**

**സുരക്ഷിതമായൊരു മാർഗ്ഗം ഞാൻ തെരഞ്ഞെടുക്കണം. വി. ബണ്ണാർദ്ദ് പറയുന്നു: "മറിയത്തിൽ ദൃഷ്ടി പതിക്കുക; അപകടങ്ങളിലും, പ്രയാസങ്ങളിലും, സംശയങ്ങളിലും മറിയത്തെ സ്മരിക്കുക; മരിയസഹായം അഭ്യർത്ഥിക്കുക; അവൾ നിങ്ങളുടെ അധരങ്ങളിൽനിന്നും അകലരുത്; ഹൃദയത്തിൽനിന്നും മാറരുത്……………അവളുടെ സംരക്ഷണയിൽ നീ ലക്ഷ്യത്തിൽ എത്തിച്ചേരുകയും ചെയ്യും."**

**കമ്മലീത്തർ മറിയത്തിന്റെ സ്വന്തമാണ്. അവരെ തന്റെ സഹോദരർ എന്നവൾ വിളിക്കുന്നു.**

**കേരള കർമ്മലയുടെ ദേവമാതാ പ്രവിശ്യ.**

**അതവളുടെ നാമസംവാഹിയാണ്; അവൾക്കായി പ്രതിഷ്ഠിക്കപ്പെട്ടതാണ്. അവളുടെ സംരക്ഷണയിൽ പ്രവിശ്യാംഗങ്ങൾ പ്രാർത്ഥിക്കുന്നു, പ്രവത്തിക്കുന്നു.**

*ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് കേരള കമ്മലീത്താസഭയുടെ ജൂബിലിയവസരത്തിൽ സഭാംഗങ്ങൾക്കു നല്കിയ സന്ദേശത്തിൽ പറയുന്നു: "ദിവ്യസുതനോടുള്ള അവളുടെ പ്രാർത്ഥനമൂലം സ്വർഗ്ഗീയവരം നിങ്ങളെ താങ്ങുമ്പോൾ, വിജയപര്യവസാനത്തിൽ എത്തിക്കുവാൻ നിങ്ങൾക്കു കഴിയാത്ത യാതൊന്നും ഇല്ലെന്ന് നിങ്ങൾ അനുഭവിച്ചറിയും."*

പ്രവിശ്യയിൽ സേവനരംഗങ്ങൾ നിരവധി. ചണ്ഡാ, വാൾ്, അഡിലാബാദ്, അംബികാപൂർ മുതലായ ഉത്തരേന്ത്യൻ മിഷനുകൾ. കേരളത്തിൽ തന്നെ സാമൂഹ്യവും സാംസ്കാരികവുമായ പ്രവത്തനരംഗങ്ങൾ.

*വൈദികനായോ, ബ്രദറായോ ദൈവതിരുമനസ്സ് നിറവേറ്റുവാൻ ആഗ്രഹിക്കുന്ന യുവാക്കൾ ഉടൻ എഴുതുക: —*

Very Rev. Fr. PROVINCIAL C. M. I.
DEVAMATHA PROVINCIAL HOUSE.
**TRICHUR - 1.**


## സ്റ്റെയിൻലസ്സ് സ്റ്റീൽ ചോറ്റുപാത്രങ്ങൾക്ക്

PHONE: 789

*Wares*

**റൗണ്ട് സൗത്ത്, :: തൃശ്ശൂർ.**



*PERMISSU SUPERIORUM*

Edited & Published by Fr. J. Chemmanoor B. A., Printed at the Union Press, Mariapuram, Trichur - 5.

അഖിലകേരള സൊഡാലിററി മാസിക

ഒററപ്രതി: 17ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി. ഏ.

PHONE: 603
TRICHUR

# മേരീവിജയം

പുസ്തകം XIV ★ 1964 മേയ് ★ ലക്കം V

# പത്രാധിപപംക്തി

## വിജയകരമായ സമാപ്തി

മരിയാസഖ്യത്തിന്റെ നാലാം ശതാബ്ദജൂബിലി സംബന്ധിച്ചുള്ള അഖിലകേരളാഘോഷപരിപാടികൾ എറണാകുളത്തുവെച്ച് വിജയകരമായി നടത്തപ്പെട്ടു എന്നുള്ളത് സന്തോഷകരമായ ഒരു വാർത്തയാണ്. ഇന്ത്യയിലെ റീജ്യണൽ പ്രമോട്ടർമാരുടെ സമ്മേളനം, കേരളത്തിലെ ഡയറക്ടർമാരുടെ സമ്മേളനം, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ സമ്മേളനം, ഗംഭീരമായ റാലി, സമാപനമഹാസമ്മേളനം എന്നിവയെല്ലാം വളരെ ഭംഗിയായും വിപുലമായ തോതിലും നടത്തപ്പെടുകയുണ്ടായി. കേരള റീജ്യനൽ പ്രമോട്ടർ ഫാദർ ചുമ്മാർ വടക്കൂട്ട് എസ്. ജെ. അവർകളും, അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന വിവിധ കമ്മിററികളും, എറണാകുളത്തെ മരിയാസഖ്യാധികൃതരും അംഗങ്ങളും, പണം നൽകിയും പ്രതിനിധികളെ അയച്ചും സഹായസഹകരണങ്ങൾ നൽകിയ എല്ലാ സഖ്യശാഖകളും ഈ ആഘോഷങ്ങളുടെ വിജയകരമായ സമാപ്തിയിൽ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നുണ്ട്. പ്രതിനിധിസമ്മേളനത്തിൽ, നടത്തിപ്പുകാരുടെ കണക്കുകൂട്ടലുകളെയെല്ലാം കാററിൽ പറപ്പിച്ചുകൊണ്ട്, ആയിരത്തിലധികം യുവതീയുവാക്കന്മാർ സംബന്ധിച്ചുവെന്നുള്ളത് മരിയാഭക്തിക്കും സംഘടനാപ്രവർത്തനങ്ങൾക്കുമുള്ള അവരുടെ അന്തർദ്ദാഹത്തിന്റെ പ്രത്യക്ഷമായ തെളിവാണ്; അവർക്കു നേതൃത്വം നൽകുവാൻ ആളുണ്ടായാൽമാത്രം മതി. അഖിലകേരളാടിസ്ഥാനത്തിൽ മരിയാസഖ്യങ്ങളുടെ ഏതെങ്കിലും ആഘോഷപരിപാടികൾ നടക്കുന്നത് ഇദം പ്രഥമമായിട്ടാണെന്നു തോന്നുന്നു.

ഇനിയും ഇതുപോലെ അഖിലകേരളാടിസ്ഥാനത്തിലുള്ള ആഘോഷപരിപാടികൾ മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഇടയ്ക്കിടെ ആവിഷ്കരിക്കണമെന്നുള്ള ആശയാണ് ഇപ്പോൾ പലരും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്; അതു ഫലമണിയുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

## മെയ്മാസം

"മെയ്മാസം മേരീമാസം" എന്ന പദദ്വയങ്ങളിൽ മെയ്മാസത്തിന്റെ മനോഹരത്വം മുഴുവനും സമാഹരിക്കപ്പെട്ടിട്ടുണ്ട്. അമലമനോഹരിയായ കന്യകാമറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മാസം എന്ന നിലയിലാണ് മെയ്മാസത്തിനു മനോഹാരിത്വം കൈവരുന്നത്. അതോടൊപ്പം, ഈ മാസത്തിന്റെ ആദ്യവും അവസാനവും — 1-ാം തീയതിയും 31-ാം തീയതിയും — സമാഘോഷിക്കപ്പെടുന്ന രണ്ടു തിരുനാളുകൾ ഈ മനോഹരത്വത്തിന് മാററു കൂട്ടുന്ന രണ്ടു മരതകക്കല്ലുകളാണ്. ആദ്യത്തേത്, തൊഴിലാളിയായ വി. യൗസേപ്പിന്റെ തിരുനാളും, ഒടുവിലത്തേത്, പരി. മറിയത്തിന്റെ രാജ്ഞിത്വതിരുനാളും. ഈ രണ്ടു തിരുനാളുകളും അടുത്ത കാലത്താണ് സ്ഥാപിക്കപ്പെട്ടത്. എന്നാൽ, കേരളത്തിലൊട്ടാകെയും, മരിയാസഖ്യങ്ങളിൽ പ്രത്യേകിച്ചും, ഈ തിരുനാളുകൾ എന്തെങ്കിലും ചലനം സൃഷ്ടിച്ചിട്ടുണ്ടോ? ഇല്ലെന്ന്, വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാളിൽ എന്തെങ്കിലും പ്രകടനമോ, സമ്മേളനമോ, മററു പരിപാടികളോ ആസൂത്രണംചെയ്യുന്നതിനു വ്യവസായകേന്ദ്രങ്ങളിലും പട്ടണപ്രദേശങ്ങളിലും ആരുംതന്നെ മുമ്പോട്ടു വരുന്നില്ല. കമ്മ്യൂണിസ്ററുകാരും മററു ചില രാഷ്ട്രീയ പാർട്ടികളും അന്ന് മെയ്ദിനംകൂടി ആയതുകൊണ്ട്, വലിയ പ്രകടനങ്ങളും സമ്മേളനങ്ങളും നടത്താറുണ്ട്. പക്ഷേ, കത്തോലിക്കാനേതൃത്വം അനാസ്ഥയിലും സുഷുപ്തിയിലും, അങ്ങനെ കഴിഞ്ഞുകൂടുകയാണ്. മരിയസഖ്യാംഗങ്ങൾ, മെയ്മാസഭക്തി ഉയിരോടും ആവേശത്തോടുംകൂടി ആചരിക്കുന്നതിനോടൊപ്പംതന്നെ, തൊഴിലാളികൾ വഴിപിഴച്ചു പോകാതെ അവരെ വി. യൗസേപ്പിന്റെ കൊടിക്കീഴിൽ അണിനിരത്തുന്നതിന് കഴിവതെല്ലാം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

---

**കവർച്ചിത്രം:**
"നന്മ നിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി!"

# മരിയൻസൊഡാലിററിയ

## — വൈവിധ്യവും വർണ്ണശ

മരിയൻ സൊഡാലിററിയുടെ കേരള റീജിയൻ അടിസ്ഥാനത്തിലുള്ള നാലാം ശതാബ്ദജൂബിലിയാഘോഷങ്ങൾ ഏപ്രിൽ 12 മുതൽ 19 വരെയുള്ള തീയതികളിൽ വിവിധ പരിപാടികളോടെ അത്യാഡംബരപൂർവ്വം നടത്തിയിരിക്കുന്നു. കേരളത്തിലെ മിക്ക രൂപതകളിലും മരിയാസഖ്യം സ്ഥാപിതമായിട്ട് വർഷങ്ങൾ വളരെ കടന്നുപോയെങ്കിലും അഖിലകേരളാടിസ്ഥാനത്തിൽ സൊഡാലിററിയുടെ സമ്മേളനങ്ങളും പരിപാടികളും ഔദ്യോഗികമായി സംഘടിപ്പിക്കുന്നതു് ആദ്യമായിട്ടാണ്. ഒരാഴ്ചയോളം നീണ്ടുനിന്ന ഈ പരിപാടികൾ സംഘാടകരുടെ പ്രതീക്ഷയിൽ കവിഞ്ഞൊരു വിജയമായിരുന്നു. ഇൻഡ്യയിലെ സൊഡാലിററിയുടെ നാഷനൽ പ്രൊമോട്ടർ റവ. ഫാ. ഫ്രാൻസിസ് എ. ബെനാക് എസ്. ജെ. അവർകളുടെ സാന്നിദ്ധ്യം ഈ പരിപാടികൾക്കു മാററു കൂട്ടി.

### റീജ്യനൽ പ്രൊമോട്ടർമാർ

ഏപ്രിൽ 12-ാം തീയതി മംഗലപ്പുഴ സെമ്മിനാരിയിൽ വച്ചു് നാഷനൽ പ്രൊമോട്ടർ റവ. ഫാ. ബെനാക് എസ്. ജെ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഇൻഡ്യയിലെ റീജ്യനൽ പ്രൊമോട്ടർമാരുടെ സമ്മേളനത്തോടെയാണ് ജൂബിലിയാഘോഷങ്ങൾ സമാരംഭിച്ചതു്. ഇൻഡ്യയിലെ ആറു് റീജ്യനൽ പ്രൊമോട്ടർമാരിൽ നാലുപേർ സന്നിഹിതരായിരുന്നു. മൂന്നു ദിവസത്തോളം നീണ്ടുനിന്ന ഈ സമ്മേളനങ്ങളിൽ ഇൻഡ്യയിലെ സൊഡാലിററികളുടെ ഭാവിയെ സംബന്ധിക്കുന്ന പല സുപ്രധാനചർച്ചകളും നടക്കുകയുണ്ടായി.

പ്രവിശ്യകളിൽ മരിയസഖ്യതകളുടെ പ്രവർത്തനങ്ങളെപ്പററി പൊതുവെ ചർച്ചനടത്തിയശേഷം തെക്കേ ഇൻഡ്യയിൽ മരിയസഖ്യതയുടെ പ്രവർത്തനങ്ങൾ മററു ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളുമായി പലപ്പോഴും പൊരുത്തപ്പെടാതെ പോകാറുള്ളതായി കാണപ്പെട്ടു. മേലിൽ അങ്ങനെ വരാതിരിക്കുവാൻ സഖ്യതായൂണിററുകൾ എണ്ണത്തിൽ വർദ്ധിപ്പിക്കുന്നതിനു പകരം അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന ആശയം ഉന്നയിക്കപ്പെട്ടു.

ബോംബെ നഗരിയിൽ അടുത്തു നടക്കുവാൻ പോകുന്ന സൊഡാലിററി കോൺഗ്രസ്സിൽ ധാരാളം മരിയസഖ്യതാപ്രതിനിധികളെ അയക്കുവാൻ വേണ്ട ആഹ്വാനം രൂപതാ പ്രൊമോട്ടർമാർക്കും മററും നൽകണമെന്നു യോഗം തീരുമാനിച്ചു. 'ബിസ് സെക്കുലാരി' നല്കുന്ന അനുവ്വനിർദ്ദേശങ്ങൾ ചിലയിടങ്ങളിൽ ബഹു: ഡയറക്ടർമാർക്കുപോലും അജ്ഞാതങ്ങളായി കിടക്കുകയാണെന്ന വസ്തുത യോഗം വ്യസനത്തോടെ വീക്ഷിക്കുകയും ചെയ്തു.

### രൂപതാപ്രൊമോട്ടർമാർ

14ഉം 15ഉം തീയതികളിൽ കേരളത്തിലെ രൂപതാപ്രൊമോട്ടർമാരുടെ സമ്മേളനം മംഗലപ്പുഴ സെമിനാരിയിൽവച്ചു ചേർന്നു. സൊഡാലിററിയുടെ രൂപതാ ഫെഡറേഷനുകളും, റീജ്യനൽ ഫെഡറേഷനും രൂപീകരിച്ചു് നാഷണൽ ഫെഡറേഷനുമായിമായി അഫീലിയേററുചെയ്യുക, സീനിയർ സൊഡാലിററികൾ സ്ഥാപിക്കുക, സൊഡാലിററി പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ അടിയന്തിരപ്രശ്നങ്ങളെക്കുറിച്ചു സുദീർഘമായ ചർച്ചകൾ ഈ സമ്മേളനത്തിൽ നടന്നു. കേരളത്തിലെ പതിനാറു രൂപതകളിൽ പതിനഞ്ചിലെയും പ്രൊമോട്ടർമാർ ഒത്തുചേർന്നു എന്നതു ചാരിതാർത്ഥ്യത്തിനു വകനൽകി.

ഓരോ പ്രൊമോട്ടറും അവനവൻ പ്രതിനിധികരിക്കുന്ന രൂപതയിലെ സഖ്യതാപ്രവർത്തനങ്ങളെപ്പററി സമ്യക്കായ റിപ്പോർട്ടു് സമർപ്പിക്കുകയുണ്ടായി. ചില രൂപതകളിൽ മരിയസഖ്യതകൾ വേണ്ടത്ര ബഹുമതി ആർജ്ജിക്കാത്തതു് അവയിൽ മുതിർന്നവരുടെ സൊഡാലിററികൾ വേണ്ടത്ര ഇല്ലാത്തതുകൊണ്ടാണെന്നു പലരും എടുത്തുപറഞ്ഞു. രൂപതകളിൽ ഫെഡറേഷനുകൾ ആവശ്യമാണെന്നു പ്രസ്താവിക്കപ്പെട്ടതോടൊപ്പം, പ്രീമപ്രീമാരിയയോടു സംയോജിക്കാത്ത യൂണിററുകൾക്കു് ഫെഡറേഷനിൽ ഉൾപ്പെടുവാൻ അർഹതയില്ലെന്നും സൂചിപ്പിക്കപ്പെട്ടു. മരിയസഖ്യതയെപ്പററി മലയാളത്തിൽ ധാരാളം ലഘുലേഖകളും ചെറുപുസ്തകങ്ങളും പ്രസിദ്ധീകരിക്കുവാൻ പ്രചോദനംനല്കിയ റവ. ഫാ. അബീലിയൂസ് സി. എം. ഐ.യുടെ സാന്നിദ്ധ്യം പലർക്കും പുതിയ പ്രചോദനം നൽകി.

അഖിലഭാരതസഖ്യതകളുടെ ഔദ്യോഗികജിഹ്വയായി 'Morning Star' നിലകൊള്ളുന്നുവെന്ന വസ്തുത രൂപതാമേലദ്ധ്യക്ഷന്മാർക്കു ബോദ്ധ്യമുള്ള ഒന്നാണു്. എന്നാൽ "മേരിവിജയം" കേരളത്തിലൊട്ടാകെയുള്ള സഖ്യതകളുടെ പൊതുബുള്ളററിനായി പ്രവർത്തിക്കണമെന്ന മനസ്ഥിതി നമ്മുടെ പതിനാറു രൂപതാമേലദ്ധ്യക്ഷന്മാർക്കും ഉണ്ടായിട്ടില്ലെന്നു യോഗം സംശയിച്ചു. ആ സംശയനിവാരണത്തിനുവേണ്ടി അഭിവന്ദ്യതിരുമേനിമാരുമായി സമ്പർക്കം പുലർത്തുവാൻ പ്രൊമോട്ടർമാർ തീരുമാനിച്ചു. അതുപോലെ ശതാബ്ദ ജൂബിലിയഘോ

# ...ടെ 4-ാം ശതാബ്ദ ജൂബിലി

## ...ളവുമായ പരിപാടികൾ —

BANGALORE

ഷങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബ്രോഷർ പ്രസിദ്ധം ചെയ്യാൻ റീജ്യനൽ പ്രൊമോട്ടറെ ഭരമേല്പിക്കുകയുംചെയ്തു.

### ഡയറക്ടർമാർ

16-ാം തീയതി വ്യാഴാഴ്ചയായിരുന്നു കേരളത്തിലെ വിവിധ ഇടവകകളിലേയും വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും ഡയറക്ടർമാരുടേയും സിസ്റ്റർ മോഡറേറ്റർമാരുടേയും സമ്മേളനങ്ങൾ. മംഗലപ്പുഴ സെമിനാരിയിൽവച്ചു ചേന്ന ഡയറക്ടർമാരുടെ യോഗം വരാപ്പുഴ അതിരൂപതാ വികാരിജനറാൾ മോൺ. കൊർണേലിയൂസ് ഇലഞ്ഞിക്കലും, എറണാകുളം സെൻറ് തെരേസാസ് കോളേജിൽ ചേന്ന സിസ്റ്റർ മോഡറേറ്റർമാരുടെ സമ്മേളനം എറണാകുളം അതിരൂപതാ വികാരിജനറാൾ മോൺ. പോൾ വടക്കഞ്ചേരിയുമാണ് ഉത്ഘാടനംചെയ്തതു്. റവ. ഫാ. ബെനാക് എസ്. ജെ., റവ. ഫാ. മേത്താ എസ്. ജെ., റവ. ഫാ. എം. സി. ജോസഫ് എസ്. ജെ. എന്നിവർ ഇരു സമ്മേളനങ്ങളിലേയും ചർച്ചകൾക്ക് നേതൃത്വം നല്കി.

നാഷനൽ പ്രൊമോട്ടർ തൻെറ നാല്പതു മിനിററ് നീണ്ടുനിന്ന പ്രഭാഷണത്തിൽ മരിയസഖ്യത കേരളത്തിൽ തികച്ചും സ്തുത്യർഹസേവനം സഭയ്ക്കു ചെയ്തുപോരുന്നുവെന്നു സമർത്ഥിച്ചു. എന്നാൽ ഡയറക്ടർമാരുടെ ഇടയിൽ കണ്ടുവരുന്ന അശ്രദ്ധയേയും മരിയസഖ്യതയുടെ കാലാനുകൂലമായ പ്രവർത്തനമാന്ദ്യതയെപ്പററി ജനങ്ങളുടെ ഇടയിലുള്ള തെററിദ്ധാരണകളെയും പററി എടുത്തു പറഞ്ഞു. പിന്നീട് സാമാജികർ മൂന്നു വിഭാഗങ്ങളായി പിരിഞ്ഞ് സംഘാതചർച്ചകൾ നടത്തി. മരിയസഖ്യതയുടെ നിർദ്ദേശങ്ങൾക്കൊത്ത് ജീവിതമുറ ശോഭനമാക്കുവാൻ തക്ക കഴിവില്ലാത്ത വ്യക്തികൾക്കു വേണ്ടി മരിയൻസൊഡാലിററികൾ സ്ഥാപിക്കപ്പെടേണ്ടതില്ലെന്നും, സാമാന്യക്കാക്കുവേണ്ടി 'മരിയൻ യൂണിയൻ" എന്ന പേരിൽ അറിയപ്പെടുന്ന സഖ്യതകളും മററും മതിയെന്നതുമായിരുന്നു പൊതുതീരുമാനം.

### പ്രതിനിധിസമ്മേളനം

കേരളത്തിലെ എല്ലാ രൂപതകളിലേയും വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികൾക്കായുള്ള പഠനക്കളരി 18-ാംതീയതി ശനിയാഴ്ച, കാലത്ത് 9-30ന് ആലപ്പുഴ മെത്രാൻ റൈററ് റവ. മൈക്കിൾ ആറാട്ടുകളം ഡി. ഡി. സെൻറ് ആൽബർട്ട്സ് കോളേജ് ഹാളിൽവച്ച് ഉത്ഘാടനം ചെയ്തു. ആയിരത്തോളം മരിയസഖ്യതാംഗങ്ങൾ ചേന്ന പ്രസ്തുത സമ്മേളനത്തെ അഭിമുഖീകരിച്ച് മരിയസഖ്യത്തിൻെറ ആവശ്യകതയെപ്പററി തിരുമനസ്സുകൊണ്ട് ഊന്നിപ്പറഞ്ഞു. ഇത്തരമൊരു കൺവെൻഷൻ നടത്തുന്നതിനു വേണ്ടി അവിശ്രമം പരിശ്രമിച്ച കേരളാ റീജ്യനൽ പ്രമോട്ടറേയും, സന്നിഹിതരായ എവരേയും തിരുമനസ്സുകൊണ്ട് അനുമോദിക്കുകയുംചെയ്തു.

"പ്രാർത്ഥനാജീവിതം" എന്ന ചർച്ചാവിഷയം അവതരിപ്പിച്ചുകൊണ്ട് റവ. ഡോക്ടർ സെബാസ്റ്റ്യൻ കാപ്പൻ എസ്. ജെ. ഒരു പ്രസംഗംനടത്തി. ക്രിസ്തുവിനെ വ്യക്തിപരമായി അറിയാൻ പ്രാർത്ഥനയ്ക്കുള്ള സ്ഥാനത്തെ ഊന്നിപ്പറഞ്ഞുകൊണ്ടാരംഭിച്ച പ്രസംഗത്തിൽ മരിയസഖ്യാംഗങ്ങളുടെ പ്രാർത്ഥനാജീവിതം കരുപ്പിടിപ്പിക്കേണ്ടതു് എങ്ങനെയെന്ന് ഫാദർ കാപ്പൻ വ്യക്തമാക്കി. ഓരോ പ്രസംഗത്തിനുശേഷവും സാമാജികർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തിയിരുന്നു. നാഷണൽ പ്രമോട്ടർ റവ. ഫാ. ബെനാക് വിവിധ ഗ്രൂപ്പുകളേയും സമീപിച്ച് നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു.

"സൊഡാലിററി എന്തു ചെയ്തു? എന്തു ചെയ്യും?" എന്ന വിഷയത്തെ പരാമർശിച്ച് റവ. സിസ്റ്റർ എലിസിയൂസ് എം. എ. ബി. എഡിൻെറ പ്രഭാഷണമായിരുന്നു പിന്നീടു നടന്നതു്. സ്വയം വിശുദ്ധീകരണവും തൽഫലമായി ഉളവാകുന്ന പ്രേഷിതചൈതന്യവും അനുസ്യൂതമായി മരിയസഖ്യാംഗങ്ങളിൽ വളൎന്നുവരികയാണെങ്കിൽ അവക്കു ധാരാളം ജീവകാരുണ്യപ്രവൃത്തികൾ ചെയ്യുവാൻ സാധിക്കുമെന്ന് പ്രാസംഗിക ഉദാഹരണസഹിതം സമർത്ഥിച്ചു. ഉച്ചതിരിഞ്ഞുള്ള സമ്മേളനത്തിൽ റവ. ഫാ. സാമുവൽ റയൻ എസ് ജെ.യും റവ. ഫാ. മാത്യു മങ്കുഴിക്കരിയും ചർച്ചകൾക്ക് നേതൃത്വം നല്കി.

"സൊഡാലിററി ഒരു ജീവിതാന്തസ്സ്" എന്ന വിഷയത്തെ പരാമർശിച്ചുകൊണ്ട്, നന്മയിൽനിന്ന് നന്മയിലേയ്ക്കു ഉയരുവാനുള്ള ഒരു ജീവിതാന്തസ്സും ജീവിതാദർശവുമാണ് സൊഡാലിററിയെന്ന് ഫാദർ റയൻ ചൂണ്ടിക്കാട്ടി. ക്രിസ്തുവിനെയും മറിയത്തേയും കുറിച്ച് പഴയ നിയമത്തിലുള്ള പ്രതിരൂപങ്ങളെക്കൊണ്ടു നിറഞ്ഞ സൊഡാലിററി ഒപ്പീസ് പദാനുപദം വ്യക്തമായി വിവരിച്ചുകൊണ്ടുള്ള ഫാദർ മാത്യു മങ്കുഴിക്കരിയുടെ പ്രസംഗം സൊഡാലിററി അംഗങ്ങളിൽ സൊഡാലിററി ഒപ്പീസിനോട് പ്രതിപത്തി ഉളവാക്കുവാൻ പോരുന്നതായിരുന്നു.

*(ശേഷം 143-ാംപേജിൽ)*

# യഥാർത്ഥമരിയാഭക്തി

## — റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി. —

പൂമഴയും പുതുപുലരിയുമെല്ലാംകൂടി ഇതാ മേയ് മാസം വരുന്നു. കന്യകാംബികയ്ക്കു പ്രതിഷ്ഠിതമായിരിക്കുന്ന ഈ മാസം ബാലികാബാലന്മാർക്കു മാതൃപീഠത്തിൽ പൂക്കൾ ചാർത്താനുള്ള ഒരു മാസംമാത്രമായി പരിഗണിച്ചാൽ പോരാ; എല്ലാവർക്കുമുള്ള മരിയാഭക്തി പ്രകാശിതമായിക്കാണാനുള്ള ഒരു മാസമായിക്കൂടി അതിനെ കരുതണം. നന്മനിറഞ്ഞ മറിയമേ, രാജകന്യകേ, എത്രയും ദയയുള്ള മാതാവേ എന്ന ജപങ്ങളും ജപമാലയും ബാല്യകാലം മുതൽ നാം ചൊല്ലി പരിശീലിച്ചിട്ടുള്ളവരാണ്. എന്നു വരുകിലും പലരും ലൗകികകാര്യങ്ങളിൽ മുഴുകിക്കിടക്കുന്നവരാകയാൽ കന്യകാമറിയത്തോടുള്ള ഭക്തി തെല്ലു ക്ഷയിച്ചപോലെ കാണുന്നുണ്ട്. ദൈവമാതാവിനോടുള്ള ഭക്തിക്കു നമ്മളെ വിശുദ്ധീകരിക്കാനും ഉന്നതതലങ്ങളിലേയ്ക്കു് ഉയർത്തുവാനും കഴിവുള്ളതാണ്. നിത്യരക്ഷയ്ക്കു ദൈവമാതാവിനോടുള്ള ഭക്തി ഒരത്യാവശ്യമാണെന്നു ചില ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആകയാൽ വെറും വികാരപരമല്ലാത്ത, അടിയുറച്ച ഒരുഭക്തി ദൈവമാതാവിനോടു നമുക്കുണ്ടായിരിക്കേണ്ടതാണ്.

ദൈവമാതാവിനോടുള്ള ഭക്തികളിൽ എത്രയും മനോഹരമായ ഒന്നാണ് വി. ലൂയി ഗ്രിഞ്ഞോൺ ഡിമോൺഫർട്ട് നിർദ്ദേശിച്ചിട്ടുള്ള യഥാർത്ഥ മരിയാഭക്തി. ലീജിയൻ ഓഫ് മേരിയിലെ അംഗങ്ങൾക്ക് ഇതു നല്ല പരിചയമുണ്ടായിരിക്കും. മററാളുകളും അതറിഞ്ഞിരിക്കുന്നതു് നല്ലതാണ്. ഈശോയോടു് അനുരൂപപ്പെടുന്നതും ഐക്യപ്പെടുന്നതും അവിടത്തേയ്ക്കു പൂർണ്ണമായി നമ്മളെ പ്രതിഷ്ഠിക്കുന്നതുമാണല്ലോ പരിപൂർണ്ണത. ഈശോയോടു് എത്രയും അനുരൂപപ്പെട്ടിരിക്കുന്നതു് അവിടത്തെ അമ്മയാകയാൽ ദൈവമാതാവിനോടുള്ള ഭക്തി ഈശോയിലേയ്ക്കു നമ്മളെ അടുപ്പിക്കും. ആകയാൽ ഒരാത്മാവു് മരിയാംബികയ്ക്കു് എത്രകണ്ടു പ്രതിഷ്ഠിതമാണോ അത്രകണ്ടു് ഈശോയ്ക്കും പ്രതിഷ്ഠിതമാണ്.

സെൻറ് ലൂയിയുടെ അഭിമതപ്രകാരം മറിയത്തിനു നമ്മളെ ഏല്പിച്ചുകൊണ്ടു് അവൾവഴി ഈശോയുടെ സ്വന്തമാകുന്നതാണ് യഥാർത്ഥ മരിയാഭക്തി. അതിനു നമ്മുടെ ശരീരത്തേയും ഇന്ദ്രിയങ്ങളേയും അവയവങ്ങളേയും, ആത്മാവിനേയും അതിൻെറ ശക്തികളേയും, നമുക്കു ഇപ്പോഴുള്ളതും ഇനി ലഭിച്ചേക്കാവുന്നതുമായ സകല സമ്പത്തുകളേയും, നമ്മുടെ യോഗ്യതകളേയും കഴിഞ്ഞതും ഇന്നത്തേതും വരാനിരിക്കുന്നതുമായ സകല സൽപ്രവൃത്തികളേയും നാം മറിയത്തിനു കാഴ്ചവയ്ക്കണം. സംക്ഷേപിച്ചു പറയുന്നപക്ഷം, നമുക്കുള്ള ശാരീരികവും ആത്മീയവുമായ സകല നേട്ടങ്ങളും, യാതൊന്നും നമുക്കായി മാററിവയ്ക്കാതെ, ദൈവമാതൃകരങ്ങളിൽ ഏല്പിക്കണമെന്നു സാരം.

ഓരോ പ്രവൃത്തിക്കും പരിഹാരഫലം, മാദ്ധ്യസ്ഥ്യഫലം, യോഗ്യതാഫലം എന്നീ മൂന്നു ഫലങ്ങളുണ്ട്. പരിഹാരഫലം പാപത്തിൻെറ ശിക്ഷയ്ക്കു ശമനം വരുത്തുന്നു; മാദ്ധ്യസ്ഥ്യഫലം പുതിയ അനുഗ്രഹങ്ങൾ നേടുന്നു; യോഗ്യതാഫലം ഈ ലോകത്തിൽ കൃപാവരവും ലോകാനന്തരജീവിതത്തിൽ നിത്യമഹത്വവും സമ്പാദിക്കുന്നു. യോഗ്യതാഫലം വേറൊരാൾക്കു നൽകാവുന്നതല്ല; അതു് പ്രവൃത്തി ചെയ്യുന്ന ആൾക്കു സ്വായത്തമായിട്ടുള്ളതാണ്. നമ്മൾ നമ്മുടെ സൽപ്രവൃത്തികൾ കന്യകാമറിയത്തിനു കാഴ്ചവയ്ക്കുമ്പോൾ മറിയം അവയെ മററാർക്കെങ്കിലും കൊടുക്കുമെന്ന് അവശ്യം വിചാരിക്കേണ്ടതില്ല. അവ വർദ്ധിപ്പിച്ചോ മെച്ചപ്പെടുത്തിയോ നമുക്കായിത്തന്നെ സൂക്ഷിച്ചുവച്ചുവെന്നുവരാം; എന്നാൽ നമ്മുടെ പക്ഷത്തുനിന്നു നമ്മുടെ പരിഹാരഫലങ്ങളും മാദ്ധ്യസ്ഥ്യഫലങ്ങളും ദൈവത്തിൻെറ സ്തുതിക്കായി മറിയത്തിൻെറ ഇഷ്ടംപോലെ ആർക്കെങ്കിലും കൊടുക്കാനുള്ള സമ്മതം നാം നൽകേണ്ടിയിരിക്കുന്നു. യഥാർത്ഥമരിയാഭക്തർ സമസ്തവും മറിയത്തെ ഏല്പിക്കണം. മററുള്ളവർ അങ്ങനെ പൂർണ്ണമായി നല്കുന്നില്ല. അങ്ങനെ സമസ്തവും മറിയത്തെ ഏല്പിച്ചിരിക്കുന്നവർക്ക് അവരുടെ സൽകൃത്യങ്ങളുടെ ഫലങ്ങൾ യഥേഷ്ടം കൈകാര്യംചെയ്യാൻ പാടില്ല. അവർ ചെയ്യുന്നതും സഹിക്കുന്നതുമെല്ലാം മറിയത്തിനുള്ളതാണ്; അവ തൻെറ പ്രിയസുതൻെറ ഇഷ്ടാനുസാരം അവിടത്തെ മഹത്വത്തിനു് ഉതകുംവണ്ണം കന്യകാംബിക കൈകാര്യംചെയ്യുന്നു. എന്നാൽ ഈ സമർപ്പണം അവരവരുടെ ജീവിതാന്തസ്സിനെ സ്പർശിക്കുന്നില്ല.

യഥാർത്ഥ മരിയാഭക്തി മാമ്മോദീസായിലെ വ്രതങ്ങളുടെ പൂർണ്ണമായ നവീകരണമാണെന്നു വി. ലൂയി ഗ്രിഞ്ഞോൺ അവകാശപ്പെടുന്നു. മാമ്മോദീസായിൽ പിശാചിനേയും അവൻെറ ആഘോഷങ്ങളേയും പ്രവൃത്തികളേയും ഉപേക്ഷിച്ച് സകല ശക്തികളോടുംകൂടെ ഈശോയെ ശുശ്രൂഷിക്കാൻ നാം പ്രതിജ്ഞ ചെയ്യുന്നു. യഥാർത്ഥ മരിയാഭക്തിവഴി പിശാചിനേയും അവൻെറ ആഘോഷങ്ങളേയും പ്രവൃത്തികളേയും ഉപേക്ഷിക്കുക മാത്രമല്ല ചെയ്യുന്നതു്; നാം നമ്മെത്തന്നെ ദൈവമാതൃകരങ്ങൾവഴി ഈശോയ്ക്കു സമർപ്പിക്കുന്നു. മാമ്മോദീസായിൽ ജ്ഞാനപിതാക്കന്മാർ വഴിയാണ് പലപ്പോഴും ഈ പ്രതിജ്ഞകൾ നാം ചെയ്യുന്നതു്; എന്നാൽ യ

ഥാർത്ഥ മരിയാഭക്തർ സ്വമനസ്സോടെ സമർപ്പണം നടത്തുന്നു. മാമ്മോദീസായിൽ നമ്മുടെ സൽപ്രവൃത്തികൾ നാം ഈശോയ്ക്കു സമർപ്പിക്കുന്നില്ല; യഥാർത്ഥ മരിയാഭക്തരുടെ സമർപ്പണത്തിൽ ജ്ഞാനസ്നാനവ്രതങ്ങളുടേയും സൽപ്രവൃത്തികളുടേയും സമർപ്പണം ഒരുമിച്ചു നടക്കുന്നു.

പിശാചിനേയും അവന്റെ ആഡംബരങ്ങളേയും പ്രവൃത്തികളേയും ഉപേക്ഷിക്കുക എന്നതു്, വി. ആഗുസ്തീനോസു പറയുന്നതുപോലെ എത്രയും മഹത്തായ ഒരു സമർപ്പണമാണു്. എന്നാൽ എത്രപേർ ഈ പ്രതിജ്ഞകൾ ശരിയായി പാലിക്കുന്നുണ്ടു്? ജ്ഞാനസ്നാനവ്രതങ്ങളുടെ അജ്ഞതകൊണ്ടല്ലേ സാർവ്വത്രികമായി നാം ദർശിക്കുന്ന സന്മാർഗ്ഗാധഃപതനം! ആകയാൽ ജ്ഞാനസ്നാനവ്രതനവീകരണം ആധുനികതിന്മകളെ പരിഹരിക്കാൻ പററിയ ഒരു മാർഗ്ഗമാണു്. അതുകൊണ്ടായിരിക്കാം ദുഃഖശനിയാഴ്ച ലത്തീൻ ക്രമത്തിൽ ജ്ഞാനസ്നാനവ്രതനവീകരണവുംകൂടി പുതുതായി ചേർത്തിട്ടുള്ളതു്. ആകയാൽ യഥാർത്ഥമരിയാഭക്തിയിൽ അന്തർലീനമായിക്കിടക്കുന്ന ജ്ഞാനസ്നാനവ്രതനവീകരണം എത്ര അത്ഭുതകരമായ ഫലങ്ങളായിരിക്കും സമുദായത്തിൽ ഉളവാക്കുക.

മറിയത്തിനുള്ള നമ്മുടെ പൂർണ്ണസമർപ്പണംകൊണ്ടു് നമ്മുടെ മാതാപിതാക്കന്മാർക്കോ ബന്ധുജനങ്ങൾക്കൊവേണ്ടി പ്രാർത്ഥിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയില്ല. നമ്മുടെ സമർപ്പണത്തിന്റെ ഫലം അവർക്കു ലഭിക്കാൻ പരിശുദ്ധജനനിയുടെ സഹകരണംകൂടി വേണമെന്നുള്ളതു വാസ്തവമാണു്. എന്നാൽ നമുക്കുള്ള ഇത്തരം ചുമതലകൾ നമ്മേക്കാൾ ഭേദമായി അവിടത്തേയ്ക്കു് അറിയാം. തന്നിമിത്തം നമ്മുടെ സമർപ്പണംകൊണ്ടു് അവർക്കു് ഒരു നഷ്ടവും വരുകയില്ല; അല്ല, ഒന്നുകൂടി ഭേദമായി അവർക്കു് അനുഗ്രഹങ്ങൾ ലഭിക്കും, കാരണം ഔദാര്യത്തിൽ ഈശോയോടും മറിയത്തോടും ആരു കിടപിടിക്കും?

ഇങ്ങനെ സകല സൽകൃത്യങ്ങളും പരിശുദ്ധ അമ്മയെ ഏല്പിക്കുന്നതുകൊണ്ടു് നമ്മുടെ ശുദ്ധീകരണസ്ഥലം ദീർഘമായിപ്പോകുമെന്നു് ആരും കരുതേണ്ടാ. സംവരണം കൂടാതെ സമസ്തവും പരിശുദ്ധയമ്മയെ ഏല്പിക്കുന്നവർക്കു് ഈശോയുടേയും മറിയത്തിന്റേയും ഔദാര്യം അനുഭവപ്പെടാതിരിക്കയില്ല. ശുദ്ധീകരണസ്ഥലത്തിലുള്ള നമ്മുടെ വേദന കുറയുകയല്ലാതെ തെല്ലും കൂടുകയില്ല.

എങ്ങനെയാണു പ്രതിഷ്ഠ നടത്തേണ്ടതെന്നും എന്തു വാക്കുകളാണു് അതിനു സെൻറ് ലൂയി നിർദ്ദേശിച്ചിരിക്കുന്നതെന്നും വിവരിക്കാൻ ഈ ലേഖനം മതിയാകയില്ല. “എന്റെ രാജ്ഞി, എന്റെ നാഥേ, ഞാൻ മുഴുവനും അങ്ങയുടെതാകുന്നു. എന്റെ സകല യോഗ്യതകളും അങ്ങയുടെ ഇഷ്ടംപോലെ കൈകാര്യംചെയ്യുക”, എന്നു് തീക്ഷ്ണതാപൂർവ്വം ആവർത്തിച്ചു് ഈ പ്രതിഷ്ഠ നടത്താവുന്നതാണു്. അങ്ങനെ മറിയത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളവർക്കും അല്ലാത്തവർക്കും കീഴുദ്ധരിക്കുന്ന തോമസ് അക്കെമ്പിസ്സിന്റെ വാക്കുകൾ ഈ മേയ്മാസത്തിൽ ഉത്തേജകമായിരിക്കും:

“മറിയത്തോടുകൂടെ സാനന്ദം ജീവിക്കുക; മറിയത്തോടുകൂടെ സകല ക്ലേശങ്ങളും സഹിക്കുക; മറിയത്തോടുകൂടി അദ്ധ്വാനിക്കുക; മറിയത്തോടുകൂടി പ്രാർത്ഥിക്കുക; മറിയത്തോടുകൂടി ഉല്ലസിക്കുക; മറിയത്തോടുകൂടി വിശ്രമിക്കുക; മറിയത്തോടുകൂടി ഈശോയെ അന്വേഷിക്കുക; നിങ്ങളുടെ കരങ്ങളിൽ ഈശോയെ വഹിക്കുക; ഈശോയോടും മറിയത്തോടുംകൂടി നിങ്ങളുടെ ഭവനം നസറത്തിൽ സ്ഥാപിക്കുക; മറിയത്തോടുകൂടി ജെറൂസലെമിലേയ്ക്കു പോകുക; ഈശോയുടെ കുരിശിന്റെ സമീപേ സ്ഥാനം പിടിക്കുക; ഈശോയോടുകൂടി നിങ്ങളെത്തന്നെ സംസ്കരിക്കുക; ഈശോയോടും മറിയത്തോടുംകൂടി വീണ്ടും ഉയിർക്കുക; ഈശോയോടും മറിയത്തോടുംകൂടി സ്വർഗ്ഗത്തിലേയ്ക്കു കയറുക; ഈശോയോടും മറിയത്തോടുംകൂടി എന്നെന്നും ജീവിക്കുകയും ചെയ്യുക.

കല്യാണസാരികൾക്ക്
വെള്ളാനിക്കാരൻസ്
മോഡേൺ
ഫേബ്രിക്സ്
PHONE 90
ചാലക്കുടി

കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്
Phone No. 987.

C. R. JOSEPH
LEATHER MERCHANT
Round, TRICHUR.

# അസ്തിത്വത്തിന്റെ തെളിവുകൾ

*ദൈവമുണ്ടോ? എങ്കിൽ തെളിവെന്ത്? ഈ ചോദ്യങ്ങൾ ഓരോ കാലഘട്ടത്തിലും ചിന്തകരെ അലട്ടിയിട്ടുണ്ട്. യുക്തിചിന്തകൊണ്ടുമാത്രം ദൈവമുണ്ടെന്നു തെളിയിക്കുക സാധ്യമല്ല. അവിടുന്ന് രഹസ്യങ്ങളുടെ രഹസ്യമത്രേ! നമ്മുടെ അസ്തിത്വത്തിന്റെ ഉള്ളടക്കത്തിനുതന്നെ പരമസത്തയുടെ സാന്നിദ്ധ്യത്തിലേ പ്രാഭവമുള്ളൂ. സത്തയെപ്പററി നമുക്കുള്ള സ്വാഭാവികാന്തർബോധമാണ് ഈ സാന്നിദ്ധ്യത്തെപ്പററി നമ്മെ ബോധവാന്മാരാക്കുക.*

— ടി. കെ. —

## ദൈവം ചിന്തകരുടെ ലോകത്തിൽ

ദൈവാസ്തിത്വം പണ്ടുമുതല്ക്കേ ചിന്താലോകത്തിൽ കോളിളക്കങ്ങളുണ്ടാക്കിയിട്ടുണ്ടു്. യവനചിന്തകരായ പ്ലേറേറായും അരിസ്റ്റോട്ടലും, മദ്ധ്യശതകങ്ങളിൽ വി. ആൻസെലമും അക്വീനാസും, ആധുനികകാലത്ത് ഡെക്കാർട്ട്, ലൈബ്നിസ് പ്രഭൃതികളും ദൈവാസ്തിത്വത്തിനു് 'തെളിവുകൾ' (Proofs) ഹാജരാക്കിയവരാണ്. 'തെളിവുകൾ'ക്കു പകരം 'മാർഗ്ഗങ്ങൾ' (via-ways) ആയിരിക്കും കൂടുതൽ ശരി — വി. അക്വീനാസ് പ്രയോഗിച്ചതുപോലെ. ഈ മാർഗ്ഗങ്ങളിലൂടെ മനുഷ്യബുദ്ധിക്കു പരമമായ ആ അസ്തിത്വത്തെപ്പററി അല്പമെങ്കിലും അറിവുണ്ടാകുന്നു. എന്നാൽ വളരെയേറെ യുക്തിവൽകൃതങ്ങളും (Rationalised) ധാരണീകൃതങ്ങളു (Conceptualised) മാണവ. തന്മൂലം നിഷ്കൃഷ്ടാർത്ഥത്തിൽ തത്വചിന്താപരങ്ങളും. ഡെക്കാർട്ടിന്റെ പ്രസിദ്ധമായ സദാത്മകവാദ (Ontological Argument) ത്തിനു് യുക്തിയുക്തമായ വ്യാഖ്യാനങ്ങളാണ് കാൻറ് നൽകിയിട്ടുള്ളതു്. മററെല്ലാ പ്രതിപാദനങ്ങളും 'തെളിവുകളും' (Demonstrations) ഈ പ്രത്യേക വാദത്തിൽ ഒതുക്കിനിർത്താമെന്നുവരെ അദ്ദേഹം കരുതി. അതു് അദ്ദേഹത്തിനു് പിണഞ്ഞ വലിയൊരു പിശകാണെന്നു പറയാം. കാരണം അക്വീനാസുന്നയിച്ച 'അഞ്ചു മാർഗ്ഗങ്ങൾ' ഡെക്കാർട്ടിന്റേതിൽ നിന്നു വിഭിന്നങ്ങളും സ്വതന്ത്രങ്ങളുമത്രേ. അവയുടെ തത്വചിന്താപരമായ മൂല്യവും (Philosophical Value) ആർക്കും അവഗണിക്കാനായില്ല.

സമകാലീനചിന്തയിലും മനുഷ്യമസ്തിഷ്കത്തെ മഥിച്ചുകൊണ്ടിരിക്കുന്നൊരു പ്രശ്നമാണ് ദൈവാസ്തിത്വം. തോമിസ്ററു ചിന്തയുടെ 'മൂലക്കല്ലു'തന്നെ സത്തയെപ്പററിയുള്ള അന്തർബോധവും തദ്വാരാ ലഭ്യമാകുന്ന പരമസത്തയെപ്പററിയുള്ള സ്വാഭാവികജ്ഞാനവുമത്രേ. മാരിററയിനിന്റെ 'ശൂന്യതയേശാത്ത സത്ത'യും (I'Etre-sans-Neant) മാർസലിന്റെ 'പരമത്വ'വും (Absolute-Thou) സാർത്രിന്റെ 'തന്നിലും തനിക്കായുള്ള സത്ത'യും (I'Etveen-Soi et pour-Soi) സൂചിപ്പിക്കുക മറെറാന്നല്ല. പ്രാതിഭാസിക ചിന്തകനായ (Phenomenologist) ഷേലർ പറയുക മനുഷ്യൻ ഒരു 'ദൈവാന്വേഷി' (Gottsucher = God-seeker) എന്നത്രേ. അമേരിക്കൻ ദാർശനികനായ വൈററ് ഹെഡിന്റെ 'സ്ഥൂലതാതത്വ'വും (Principle of Coneretion) ജാസ് പേഴ്സിന്റെ 'മറഞ്ഞിരിക്കുന്ന പ്രധാന ദൈവ'വും (Hidden Godhead) ദൈവാന്വേഷണം മനുഷ്യന്റെ ജന്മവാസനയെന്നല്ലേ സൂചിപ്പിക്കുന്നതു്.

## സത്തയെപ്പററി സ്വാഭാവികജ്ഞാനം

യുക്തിവൽകൃതങ്ങളായ താത്വികമാർഗ്ഗങ്ങൾ അനിവാര്യങ്ങളല്ല അനന്തസത്തയെ (infinite Being) കണ്ടെത്താൻ. വി. അപ്പസ്തോലൻ പ്രസ്താവിക്കുന്നു: "ദൈവത്തെപ്പററി അറിയാൻ കഴിയുന്നതൊക്കെ അവക്കു് സ്പഷ്ടമായിട്ടുണ്ടു്. എന്തെന്നാൽ അവിടുന്നുതന്നെ അവക്കതു് പ്രത്യക്ഷമാക്കിക്കൊടുത്തിട്ടുള്ളതാണു്. ലോകസൃഷ്ടിയുടെ ആരംഭം മുതൽ അവിടത്തെ അദൃശ്യഗുണവിശേഷങ്ങൾ — അനന്തമായ ശക്തിയും ദിവ്യത്വവും — സൃഷ്ടവസ്തുക്കളിൽക്കൂടി ഗ്രഹിക്കത്തക്കവിധം അത്രയ്ക്കു സ്പഷ്ടമാണു്" (റോമ 1: 19–20). ശാസ്ത്രീയമോ തത്വചിന്താപ്രധാനമോ ആയ മാർഗ്ഗങ്ങളല്ല അപ്പസ്തോലന്റെ വിവക്ഷ. പ്രത്യുത പരമസത്തയെപ്പററി മനുഷ്യനുള്ള സ്വാഭാവികജ്ഞാന (Natural Knowledge) മത്രേ. സൃഷ്ടവസ്തുക്കളുടെ ദർശനം ഒരുവനെ ഈ ജ്ഞാനത്തിലേയ്ക്കു് നയിക്കാം. മനുഷ്യനു് തീർത്തും സ്വാഭാവികമായ ഈ അറിവെന്താണു്? സ്വാഭാവികമെന്നു പറഞ്ഞല്ലോ. ബുദ്ധിശക്തിയുടെ പരിധി (Rational order) യിൽനിന്നാരംഭിക്കുന്നുവെന്നല്ല ഇതിനർത്ഥം. യുക്തിവൽകൃതചിന്ത തീണ്ടിയിട്ടുപോലുമില്ലാത്തതാണീ ജ്ഞാനം. പ്രാഗ്താത്വികവും (Prephilosophical) നൈസർഗ്ഗിക (Spontaneous) വുമാണതു്. യാഥാർത്ഥ്യങ്ങളുമായുള്ള പ്രഥമസമ്പർക്കത്തിൽത്തന്നെ ബുദ്ധിമണ്ഡലത്തിലുൽഭൂതമാകുന്ന പ്രകമ്പനങ്ങളാണു് ഈ അറിവു് നമ്മിലുളവാക്കുക. അത്തരുണത്തിൽ തത്വവിജ്ഞാനത്തിന്റെ രൂപമോ ഭാവമോ അതിനുണ്ടാവില്ല.

എങ്കിലും ദാർശനികചിന്തയുടെ 'ഗണപതിക്കു കുറിയ്ക്കൽ' ഈ പ്രാഥമികജ്ഞാനത്തിലാണത്രേ. തന്മൂലം ദാർശനികമെന്നും ഇതു് വ്യവഹരിക്കപ്പെടാം. ദൈവാസ്തിത്വത്തെപ്പറ്റി പ്രഥമത മനുഷ്യൻ ബോധവാനാകുന്നതും ഇത്തരുണത്തിൽത്തന്നെ.

സ്വസത്തയെപ്പററി സ്വാഭാവികാന്തർബോധം (Natural Intuition) ഉണ്ടാകുകയാണിവിടെ. സത്ത അഥവാ 'ആയിരിക്കുക' എന്ന ക്രിയ (Esse = act of being) എല്ലാററിനുമടിസ്ഥാനരൂപവും (Form) പൂർണ്ണതയുമാണല്ലോ. യാഥാർത്ഥ്യത്തിൻെറ ഗ്രാഹ്യമായ എല്ലാ ഘടനകൾക്കും (Structures) നിയതമായ ക്രിയോന്മുഖത (definitive actuation) കൈവരുന്നതോ സത്തയുടെ സാന്നിദ്ധ്യത്തിൽമാത്രം. സത്വങ്ങളും അവ തമ്മിലുള്ള സമ്പർക്കങ്ങളും സാർത്ഥകമാകുക സത്ത സ്വയം ക്രിയാത്മക (active) മായതുകൊണ്ടാണു്. സത്തയുടെ സ്വഭാവം ശരിയ്ക്കുറിയണമെങ്കിൽ മൂർത്തരൂപങ്ങളുടേയും 'ഫോർമുല'കളുടേയും പിടിയിൽനിന്നു് മനസ്സു് പിടഞ്ഞെഴുന്നേല്ക്കേണ്ടതുണ്ടു്. വാക്കുകളും അടയാളങ്ങളും പ്രായോഗികപ്രതിരൂപങ്ങ (Symbols) ളും മാത്രമുള്ള ലോകത്തിലും സത്തയെ കണ്ടെത്താനാവില്ല. സ്വന്തം അസ്തിത്വമെന്ന യാഥാർത്ഥ്യത്തോടു് ചിന്ത പ്രത്യഭിജ്ഞമാകുമ്പോഴാണു് സത്തയെപ്പററി നമുക്കുൾക്കാഴ്ച ലഭിക്കുക. 'ഞാൻ സ്ഥിതിചെയ്യുന്നു' (I exist) എന്ന സത്യം അതിൻെറ ആഴത്തിൽ ദർശിക്കുകയും സർവ്വോപരി അനുഭവവേദ്യമാകുകയും ചെയ്യുമ്പോൾ ഉൾക്കിടിലമുണ്ടാകും. എങ്കിലും ഈ അനുഭവത്തിലൂടെ മാത്രമേ സത്തയെപ്പററിയും അതുൾക്കൊള്ളുന്ന സൂചനകളെപ്പററിയും അറിയാനാവൂ.

## അസ്തിത്വം അന്തർബോധത്തിലൂടെ

എന്താണു് ഈ അന്തർബോധത്തിൻെറ വിഷയം (object)? വ്യക്തമാക്കാം. പ്രഥമവും പ്രധാനവുമായി ഇതരാസ്തിത്വങ്ങളും തദ്വാരാ സ്വന്താസ്തിത്വവും ദർശിക്കുകയാണു് ഞാനീ അന്തർബോധംവഴി. ഇതരസത്വങ്ങളെല്ലാം—മനുഷ്യനും, മലയും, മരവും—സ്ഥിതിചെയ്യുന്നു; 'ആയിരിക്കുക' (to be) എന്ന മഹത്തായ ക്രിയയിൽ പങ്കുപററുന്നു. ഒരു മിന്നൽപിണർപോലെ ഈ വസ്തുത എൻെറ മനോമണ്ഡലത്തിൽ പ്രകാശം പരത്തും. അതിൻെറ വെളിച്ചത്തിൽ ഇതരയാഥാർത്ഥ്യങ്ങളുടെ നിലനിൽപ്പു് എന്നിൽനിന്നു് സ്വതന്ത്രവും സുദൃഢവുമെന്നും അറിയാൻ കഴിയും.

അതേസമയം, സ്വന്താസ്തിത്വത്തെപ്പററിയും ഞാൻ ബോധവാനാകുന്നുണ്ടു്. എന്നാൽ എൻെറ അസ്തിത്വം എൻേറതായ ഏകാന്തതയിലും (Solitude) ബലഹീനതയിലും (Fragility) അവശ്യം കുടുങ്ങിക്കിടക്കുന്നു. ഇതരവസ്തുക്കളുടെ നിലനിൽപ്പു് എൻേറതിൽനിന്നു് വ്യത്യസ്തമായൊരസ്തിത്വത്തിലുമാണു്. അതിൽ സാധകമായി (Positively) ഒരു പങ്കം എനിക്കില്ല. അവയോടു് ബന്ധപ്പെടുത്തുമ്പോൾ ഞാൻ 'മറെറന്തോ' (Something else) അത്രേ! ഇപ്രകാരം മററു യാഥാർത്ഥ്യങ്ങൾക്കും, എൻെറ അസ്തിത്വത്തെ അഭിമുഖീകരിക്കുമ്പോൾ ബലഹീനവും ഏകാന്തവുമായ ഒരു സത്തയെപ്പററി ബോധമുണ്ടാകാം.

ഇതരാസ്തിത്വങ്ങളെ നേരിടുമ്പോൾ സ്വന്തം അസ്തിത്വമാണു് ഏകാന്തവും, ബലഹീനവും, മരണവിധേയവും നാശോന്മുഖവുമായി എനിക്കനുഭവപ്പെടുക. തന്മൂലം സത്തയെപ്പററിയുള്ള പ്രാഥമികാന്തർബോധം മുഖ്യമായും അസ്തിത്വത്തിൻെറ അവാച്യത (Inexorability) യിലേയ്ക്കും സാന്ദ്രത (Density) യിലേയ്ക്കും ഒരു തുളച്ചുകയററ (Penetration) മെന്നു് പറയാം. പിന്നീടേ എൻെറ അസ്തിത്വത്തിൻെറ അവശ്യാനുഗാമികളായ മരണവും ശൂന്യതയും ബോധവിഷയമാകുന്നുള്ളൂ. സത്തയുടെ ഗ്രാഹ്യശക്തി (Intelligible valour) യെക്കുറിച്ചു് ബോധമനസ്സിൽ ചില പ്രതികരണങ്ങൾക്കും ഈ അന്തർബോധം കാരണമാകുന്നുണ്ടു്. അപ്പോളാണു് എല്ലാ സത്വങ്ങളേയും വലയംചെയ്യുന്ന അസ്തിത്വം കേവലവും (absolute) അഖണ്ഡവുമാണെന്നു് ഞാനറിയുന്നതും. പൂർണ്ണസ്വതന്ത്രമായ അതു് ശൂന്യതയുടേയോ മരണത്തിൻേറയോ നിഴലിലുമല്ല. ഇങ്ങനെ മൂന്നു തലങ്ങളിലായി യഥാർത്ഥാസ്തിത്വം (actual existence) ആശ്രയിക്കുന്നതു് എന്നിലല്ലെന്നു് വ്യക്തമാകുന്നു. വസ്തുനിഷ്ഠമാത്ര (purely objective) മായ അസ്തിത്വമത്രെ ഭീതമായ എൻെറ അസ്തിത്വത്തിനെതിരെ നില്ക്കുന്നതു്. എൻെറ അസ്തിത്വമോ ശൂന്യതയിൽനിന്നും പരമാസ്തിത്വത്തിലേയ്ക്കു് നോക്കി നില്ക്കുന്നു. ഇക്കാര്യം ഞാനറിയുക, ഒരർത്ഥത്തിൽ, തത്വവിചാരത്തിൽ വ്യവഹരിക്കപ്പെടുന്ന അന്തർബോധദർശന (Intuitive perception) ത്തിനും മുമ്പത്രേ. ഈ ദർശനത്തിൻെറ ഉള്ളടക്കം സാരപരമായി സത്തയുടെ സമാനാർത്ഥക (analogical) ധാരണയാണല്ലോ, അതുകൊണ്ടു്.

അനന്തരം ബുദ്ധിമണ്ഡലത്തിൽ യുക്തിവിചാരത്തിൻേറതായ ഏതാനും നിമിഷങ്ങൾ കാണാം—ധാരണീകൃതവും ശാസ്ത്രീയവുമല്ല, സ്വാഭാവികവും നൈസർഗ്ഗികവുമായ യുക്തിവിചാരത്തിൻെറ. സത്തയെപ്പററി പെട്ടെന്നൊരുൾക്കാഴ്ച (a perception) ലഭിക്കു നല്കാൻ ഇതിനു കഴിവുണ്ടു്. അതിൻെറ അവശ്യഫലമത്രേ പ്രസ്തുതാന്തർബോധം. പ്രകാശനത്തിനോ, ക്രമാനുഗതവിചിന്തന (systematic reflection) ത്തിനോ ഇടം കൊടുക്കാതെ മനസ്സിനനുഭവപ്പെടുന്ന ഒരമ്പരപ്പാ (shock) ണിതെന്നു് പറയാം. ഈ അമ്പരപ്പിൽ ആദ്യം ദർശിക്കുക മരണവിധേയമായ എൻെറ സത്തയെത്തന്നെയാണു്. പിന്നീടു മാത്രമേ പ്രകൃതിയോടും ലോകസത്തയോടും അതിനുള്ള ബന്ധം വേദ്യമാകൂ.

(തുടരും)

# സിസ്റ്റേർസ് ഓഫ് മേരി ഇമാക്കുലേററ്

പശ്ചിമബംഗാളിലെ നാഡിയ ഡിസ്ട്രിക്ടിലേക്കു കടന്നുചെന്നാൽ കാണാം വെള്ളസാരിയുടുത്ത കുറെ തരുണീമണികൾ കാടും മലയും ചവുട്ടി വീടുകൾ സന്ദർശിച്ചുകൊണ്ടിരിക്കുന്നതു്. ഇവരുടെ ഉടുപ്പും നടപ്പും ജീവിതരീതിയും തദ്ദേശവാസികളുടേതിൽനിന്നും അല്പം വിഭിന്നമാണു്. രണ്ടരികിലും നീണ്ട മൂന്നു വരകളുള്ള സാരിയാണിവർ ധരിക്കുന്നതു്. പുഞ്ചിരിയും തൂകി, നിത്യജീവന്റെ സന്ദേശവും പേറി ഇവർ മണിമന്ദിരങ്ങളിലും മാളികകളിലും, മൺപുരകളിലും മാടങ്ങളിലും കയറിയിറങ്ങുന്നു, സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രതീകങ്ങളായിട്ടു്. വെള്ളപ്പൊക്കവും കൊടുങ്കാററും ക്ഷാമവും രോഗവും മൂലം കഷ്ടപ്പെടുന്ന പാവങ്ങളുടെ ദുഃഖാന്ധകാരത്തെ തങ്ങളുടെ പുഞ്ചിരിപ്പൂഞ്ചന്ദ്രികയാൽ ദൂരീകരിക്കുന്ന ദേവികളാണിവർ.

ഇവർ ആരാണെന്നല്ലേ? ഇൻഡ്യയിൽ മിഷൻപ്രവർത്തനം നടത്തുന്ന പ്രധാന സന്യാസിനീസഭകളിലൊന്നായ "അമലോത്ഭവമറിയത്തിന്റെ സഹോദരികളുടെ സഭ"യിൽപ്പെട്ട കന്യാസ്ത്രീകളാണിവർ. ഈ സഭാംഗങ്ങൾ "സിസ്റ്റേർസ് ഓഫ് മേരി ഇമാക്കുലേററ്" എന്ന പേരിലാണു് അറിയപ്പെടുന്നതു്. ഇവർ പശ്ചിമബംഗാളിൽ കൃഷ്ണഗർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു.

## സ്ഥാപനം

10,200 ചതുരശ്ര കിലോമീററർ വിസ്തീർണ്ണമുള്ള കൃഷ്ണഗർ രൂപതയിലെ 40 ലക്ഷം ജനങ്ങളുടെ ഇടയിൽ വിശ്വാസവെളിച്ചം വീശുവാൻ ചൈതന്യം നിറഞ്ഞ കന്യകകളുടെ സേവനം ഒഴിച്ചുകൂടാത്തതാണെന്നു മനസിലാക്കിയ മെത്രാൻ ദിവ്യശ്രീ ലൂയീസ് മോറോയാണു് 1952-ൽ ഈ സഭ സ്ഥാപിച്ചതു്. ദൈവസ്നേഹത്തിൽ ഉറച്ചുനിന്നു് തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതോടൊപ്പം ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി പ്രവർത്തിക്കുകയാണു് ഈ സഭയുടെ ലക്ഷ്യം.

## ഇന്നത്തെ നില

ഇപ്പോൾ ഈ സഭയിൽ 166 അംഗങ്ങളുണ്ടു് (പോസ്ററലൻസുൾപ്പെടെ). ഇവരിൽ 90 പേർ മലയാളികളാണു്. ഈയിടെ രാഷ്ട്രപതി ഡോ. രാധാകൃഷ്ണനിൽനിന്നും രണ്ടു സ്വർണ്ണമെഡലുകൾ കരസ്ഥമാക്കിയ സിസ്റ്റർ ഫിലോമിൻ ഓലിക്കൽ ഇവരിലൊരാളാണു്. അഖിലേന്ത്യാ ബംഗാളിമദ്ധ്യപരീക്ഷയിൽ പ്രശസ്തവിജയം കൈവരിച്ചതിനും, "ഭാഷാഭാരതി" എന്ന ബംഗാളിപത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിനുമാണു് ഈ സമ്മാനങ്ങൾ നല്കപ്പെട്ടതു്.

## പ്രവർത്തനങ്ങൾ

നേഴ്സുമാർ, ഡോക്ടർമാർ, അദ്ധ്യാപികമാർ, സാമൂഹ്യസേവകർ എന്നീ നിലകളിൽ വിവിധ ജോലികളിലൂടെ ഈ സഹോദരികൾ പ്രേഷിതപ്രവർത്തനം നടത്തുന്നു. പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും എല്ലാ ജനവിഭാഗങ്ങളിലുമുള്ള കുട്ടികളുടെയും സ്ത്രീകളുടെയും ആത്മീയവും ധാർമ്മികവും, സാമൂഹികവും ലൗകികവുമായ അഭിവൃദ്ധിക്കായി ഈ സഭാംഗങ്ങൾ സദാ പ്രവർത്തിച്ചുവരുന്നു.

ഗ്രാമങ്ങൾതോറും വീടുകൾ സന്ദർശിച്ചു് ക്രൈസ്തവരെയും അക്രൈസ്തവരെയും കഴിവുപോലെ ഇവർ സഹായിക്കുന്നു. ഇതിനായി രണ്ടോ നാലോ പേരൊന്നിച്ചു് ജീപ്പിലോ, ബോട്ടിലോ, സൈക്കിളിലോ, കാൽനടയായോ ഇവർ സഞ്ചരിക്കുന്നു. ഇവർ സന്ദർശിക്കുന്ന സ്ഥലങ്ങളിലൊക്കെ ഏററവും ആനന്ദിക്കുന്നതു് കുട്ടികളാണു്. കന്യാസ്ത്രീകളെ ദൂരെ വച്ചു കണ്ടാൽ മതി അവർ ഓടിയെത്തുകയായി. അവർക്കു് എന്തെല്ലാം കഥകളാണെന്നോ ഈ സാരിക്കാരികളോടു പറയുവാനുള്ളതു്! മിഷനറിസഹോദരികൾ ഇതിനു പകരം അറിവും ആനന്ദവും കുട്ടികൾക്കു കൊടുക്കുന്നു. കാടും കടവുകളും മൊട്ടക്കുന്നുകളും നെൽപ്പാടങ്ങളും കടന്നു് തങ്ങളെ സഹായിക്കുവാനെത്തുന്ന ഈ പുഞ്ചിരിക്കുന്ന ദേവികളെ ആരാണു് ആദരിക്കാതിരിക്കുക? അത്ര പുരോഗമിച്ചിട്ടില്ലാത്ത നാഡിയായിലൂടെയുള്ള സൈക്കിൾ സവാരി അത്ര സുഖപ്രദമൊന്നുമല്ല. ചില സ്ഥലങ്ങളിൽ സൈക്കിൾ ചുമന്നുകൊണ്ടും പോകേണ്ടിവരും.

ഗ്രാമസന്ദർശനം ആരംഭിക്കുന്നതിനു മുമ്പുതന്നെ താമസസ്ഥലങ്ങൾ ഏർപ്പാടുചെയ്തിരിക്കും. കൂടെ കൊണ്ടുപോകുന്നവയിൽ ഭക്ഷണപദാർത്ഥങ്ങൾ, മരുന്നുകൾ, സിനിമ കാണിക്കുന്നതിനുള്ള സാമഗ്രികൾ എന്നിവ ഉൾപ്പെടുന്നു. കത്തോലിക്കാ ഭവനങ്ങളിൽ വിശ്വാസസംരക്ഷണത്തിനും, ഊർജ്ജസ്വലമായ ക്രിസ്തീയജീവിതത്തിനും അവർ ഉദ്ബോധനം നല്കുന്നു. ഹിന്ദുക്കളും മുസ്ലീമങ്ങളും തങ്ങളുടെ പ്രശ്നങ്ങളുമായി ഇവരെ സമീപിക്കുന്നതു സാധാരണകാര്യമാണു്. ജാതിമതഭേദമെന്യേ എല്ലാവരേയും ഇവർ സഹായിക്കുന്നു. പാവങ്ങൾ ഇവരുടെ ആത്മാർത്ഥതയേറിയ പുഞ്ചിരിയിൽ പൊതിഞ്ഞ നിസ്വാർത്ഥസേവനങ്ങൾകൊണ്ടു് അനുഗൃഹീതരാണു്.

ഗ്രാമങ്ങൾ വിട്ടുപോകുമ്പോൾ സഹോദരികളെ യാത്രയാക്കാൻ കൃതജ്ഞത നിറഞ്ഞ ഗ്രാമവാസികൾ ഒന്നിച്ചുകൂടുന്നു. സാമാനങ്ങൾ വണ്ടിയിൽ കയററുന്ന

ത്തും മററും നാട്ടുകാർതന്നെയാണ്. അപ്പോഴംവരെ തുള്ളിച്ചാടി കളിച്ചുകൊണ്ടിരുന്ന കുട്ടികൾ കണ്ണീരിൻെറ മറവിൽക്കൂടിയായിരിക്കും കന്യാസ്ത്രീകളെ നോക്കിക്കൊണ്ടിരിക്കുന്നതു്. അവർക്കു ലഭിച്ചുകൊണ്ടിരുന്ന സ്നേഹവും വാത്സല്യവും പുഞ്ചിരിയും മറയാൻ പോകയാണല്ലോ എന്ന ചിന്തയായിരിക്കണം അവരുടെ സങ്കടകാരണം. ചിലർ സിസ്റ്റേർസിനെ അവിടെനിന്നും വിടാതിരിക്കുവാനുള്ള പണികളും ആസൂത്രണംചെയ്യാറുണ്ട്. ഗ്രാമസന്ദർശനത്തിനു പുറമേ ഓററ്ററികൾ, സ്കൂളുകൾ, ഡിസ്പെൻസറികൾ, സാമൂഹ്യപ്രവത്തനകേന്ദ്രങ്ങൾ, കലാകേന്ദ്രങ്ങൾ എന്നിവയൊക്കെ ഇവർ നടത്തിവരുന്നു.

ഈ സഭയുടെ അംഗങ്ങൾ ആദ്യം സന്ദർശകർ (Visitors) എന്ന പേരിലാണ് അറിയപ്പെടുന്നതു്. സന്ദർശകർ സഭയുടെ പ്രവത്തനപരിപാടികളുമായി പരിചയപ്പെടുന്നതോടൊപ്പം ഇംഗ്ലീഷും ബംഗാളിയും പഠിക്കുന്നു. പിന്നീട് അവരവരുടെ കഴിവും വാസനയും അനുസരിച്ചു് ഓരോരോ ജോലികൾ അഭ്യസിക്കുകയായി. സന്ദർശകർക്കു് സഭയിൽ തുടന്നു ജീവിക്കുകയോ തിരികെ പോരുകയോ ചെയ്യുന്നതിനു സ്വാതന്ത്ര്യമുണ്ട്. സന്ദർശകപദവി കഴിഞ്ഞാൽ അടുത്തതു് അർത്ഥിനികളുടേതാണ്. ഒരു നിശ്ചിതകാലത്തിനുശേഷം അർത്ഥിനിയർ നൊവിസ്യാത്തു് ആരംഭിക്കുന്നു. ഒരു കൊല്ലത്തെ നൊവിസ്യാത്തിനു ശേഷം സഭാവസ്ത്രം സ്വീകരിക്കുന്നു. രണ്ടാംവഷത്തെ നൊവിസ്യാത്തിനു ശേഷമാണ് വ്രതവാഗ്ദാനം. വ്രതവാഗ്ദാനം നടത്തി ആറു വഷത്തിനുശേഷം നിത്യവ്രതവാഗ്ദാനം നടത്തുന്നു.

### അർത്ഥിനികൾക്കു വേണ്ട യോഗ്യതകൾ

ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടുന്നതിനുള്ള പ്രധാനപ്പെട്ട ഉപകരണങ്ങളിൽ ഒന്ന് പുഞ്ചിരിയാണെന്നിവർ വിശ്വസിക്കുന്നു. അതുകൊണ്ടു് അർത്ഥിനികൾക്കു വേണ്ടുന്ന ഗുണങ്ങളിൽ അതിപ്രധാനമായതു് നിർമ്മലമായ പുഞ്ചിരിയും പ്രസന്നമായ സന്നദ്ധതയുമാണ്. കൂടാതെ, നിയോഗശുദ്ധി, കുറഞ്ഞപക്ഷം S. S. L. C. യും ഉപരിപഠനത്തിനുള്ള കഴിവും, മിത്രഭാവവും, മററുള്ളവരോടു യോജിച്ചു പോകത്തക്ക സ്വഭാവഗുണവും, നല്ല ആരോഗ്യവും, ആത്മബോധവും, ഉത്തരവാദിത്വത്തോടെ പ്രവത്തിക്കുന്നതിനുള്ള കഴിവും, ഏതു ജോലിയും ചെയ്യുന്നതിനുള്ള സന്നദ്ധതയും ഉണ്ടായിരിക്കണം.

കൂടുതൽ വിവരങ്ങൾക്കു് എഴുതുക:—

Sister Superior,
Sisters of Mary Immaculate
Krishnagar City
Nadia Dt.
West–Bengal.


## സൊഡാലിററി ഒപ്പീസ്

അമലോത്ഭവമാതാവിൻെറ ചെറിയ ഒപ്പീസുപുസ്തകം രണ്ടാംപതിപ്പ് തയ്യാറായിരിക്കുന്നു. വില 5 പൈസ.

നൂറിനുമേൽ 20% കമ്മീഷൻ.

പ്രസാധകർ:

യൂണിയൻ പ്രസ്സ്
മരിയാപുരം, തൃശ്ശൂർ_5






മഞ്ഞിലാസിൻെറ ആട്ടമാക്ക്

ശീലക്കുടകൾ

ഉപയോഗിക്കുക.

ആട്ടമാക്ക് കുടകൾ എല്ലാ കച്ചവടക്കാരിൽനിന്നും ലഭിക്കുന്നു.

മിതമായ വിലയ്ക്കു് മികച്ച സേവനം

മഞ്ഞിലാസ് അബ്ദുല്ലാ മാട്ട്
പോസ്റ്റോഫീസ്റോഡ് തൃശൂർ-1

# രാജകീയപൗരോഹിത്യം

— മോൺ. പോൾ കാക്കശ്ശേരി പി. എച്ച്. ഡി., ഡി. ഡി. —

കത്തോലിക്കാസഭയുടെ സഹജമായ മുഖഭാവം — തൽസ്ഥാപകനായ ക്രിസ്തു ഉദ്ദേശിച്ചിരുന്ന മുഖഭാവം — ഇന്നത്തെ ലോകസമക്ഷം ആവിഷ്കരിക്കുവാൻ വേണ്ടിയാണു താൻ 2-ാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടുന്നതെന്ന് 23-ാം യോഹന്നാൻ പാപ്പാ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. തിരുസഭാംഗങ്ങളിൽ സിംഹഭാഗവും അൽമായരാണ്. ആകയാൽ സാധാരണ വിശ്വാസികൾ, സത്യസഭയിൽ തങ്ങൾക്കുള്ള യഥാർത്ഥവും യഥാർഹവുമായ സ്ഥാനവും പദവിയും ശരിക്കറിയാതെയും, തജ്ജന്യമായ കർത്തവ്യങ്ങൾ നിഷ്ഠാപൂർവ്വം അനുഷ്ഠിക്കാതെയുമിരുന്നാൽ മേൽപറഞ്ഞ ലക്ഷ്യപ്രാപ്തി വെറും മരുമരീചിയായി പരിണമിക്കുകയേയുള്ളൂ. ഇക്കാരണത്താലാണു് സഭാപിതാക്കന്മാർ കൌൺസിലിന്റെ ആരംഭംമുതൽക്കുതന്നെ അൽമായരുടെ തിരുസഭാജീവിതത്തിലുള്ള പദവിയേയും പങ്കിനേയുംപററി ഗൌരവപൂർവ്വം പര്യാലോചിക്കാൻ തുടങ്ങിയത്. അൽമായരായ പുരുഷന്മാരുടെ ഏതാനു് പ്രതിനിധികളെ നിരീക്ഷകന്മാരായി കൌൺസിൽ നടപടികളിൽ പങ്കെടുക്കുവാൻ ക്ഷണിച്ചതിനുള്ള കാരണവും വേറൊന്നല്ല. അടുത്ത സമ്മേളനത്തിൽ ചില വനിതാപ്രതിനിധികളും സംബന്ധിക്കുവാനിടയുണ്ട്. അൽമായപ്രതിനിധികൾ നിശ്ശബ്ദനിരീക്ഷകരായി മാത്രം കൌൺസിൽ ചർച്ചകളിൽ സന്നിഹിതരായിരുന്നാൽ പോരാ; അവർക്കും അഭിപ്രായം തുറന്നു പറയുവാൻ അവസരം നല്കണമെന്നാണു പല സഭാദ്ധ്യക്ഷന്മാരുടേയും ആദരണീയമായ അഭിമതം.

മഹാഭൂരിപക്ഷം വരുന്ന അൽമായരും അനേക നൂററാണ്ടുകളായി തിരുസഭയുടെ ജീവിതത്തിലും പ്രവർത്തനപരിപാടികളിലും സമാധാനേന ഉറങ്ങിക്കിടക്കുന്ന പങ്കാളികളായിട്ടാണു കഴിഞ്ഞുവരുന്നത്. അവരെ തട്ടിയുണർത്തി സഭാമാതാവിന്റെ ദൌത്യനിർവ്വഹണത്തിൽ ഉത്സാഹത്തോടും ഉന്മേഷത്തോടും കൂടി സഹകരിപ്പിക്കുവാൻ എന്താണു് ഉപായം? കൌൺസിൽ പിതാക്കന്മാർ തദ്വിഷയകമായി പുറപ്പെടുവിച്ച പല നിർദ്ദേശങ്ങളിൽ ഒരെണ്ണം പ്രത്യേകം പരിഗണനാർഹമാണു് — ജ്ഞാനസ്നാനം സ്വീകരിച്ച സ്ത്രീപുരുഷന്മാരെല്ലാവരും പുരോഹിതരാണെന്നുള്ള യഥാർത്ഥ്യബോധം അവരിൽ ദൃഢമൂലമാക്കുക.

ഒരു ജനാധിപത്യരാഷ്ട്രത്തിൽ പൌരാവലിയത്രയും പോരാളികളായിരിക്കണമെന്നു പറയാറുണ്ട്. തോക്കെടുത്തു് വൈരിനിരകൾക്കെതിരെ അടർക്കളത്തിലിറങ്ങി പടവെട്ടുവാൻ എല്ലാവരും സന്നദ്ധരാവണമെന്നല്ല ഇപ്പറഞ്ഞതിന്റെ പൊരുൾ. ജനിച്ച നാടിന്റെ സ്വാതന്ത്ര്യം കാത്തുരക്ഷിക്കുവാൻ രാജ്യവാസികളേവരും സമരചൈതന്യം തുളുമ്പുന്ന ഉൾക്കളത്തോടുകൂടിയവരായിരിക്കണം.

ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം തദംഗങ്ങൾ അബാലവൃദ്ധം ജനങ്ങളും പടയാളികളും പുരോഹിതരുമാണ്. ഈ മൌലികസത്യത്തെക്കുറിച്ച് ബോധമുണ്ടായാലും ഇല്ലെങ്കിലും ആദ്ധ്യാത്മസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ സ്വീകരണം വഴി അവർ ക്രിസ്തുവിന്റെ മൌതികശരീരത്തിലെ അവയവങ്ങളും, ക്രിസ്തുരാജന്റെ വീരപോരാളികളും, അവിട്ടത്തെ പൌരോഹിത്യത്തിൽ അംശവാഹികളുമായി തീരുന്നു.

ആരംഭസഭയിലെ പുതുക്രിസ്ത്യാനികൾക്കയച്ച ഒരു ശ്ലൈഹികലേഖനത്തിൽ ശ്ലീഹപ്രമുഖനായ വി. പത്രോസ് എത്ര വ്യക്തമായി ഇക്കാര്യം പ്രഘോഷിച്ചിരിക്കുന്നു എന്നു നോക്കുക: "നിങ്ങൾ ഒരു തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയപൌരോഹിത്യം വഹിക്കുന്നവരും, വിശുദ്ധജനപദവുമാകുന്നു." ഒരു കവിമൂർദ്ധന്യനോ, ശൈലീവിദഗ്ദ്ധനോ ആയിരുന്നില്ല തൽകർത്താവ്; സാമാന്യവിദ്യാഭ്യാസംപോലും സിദ്ധിച്ചിട്ടില്ലാത്ത പാവപ്പെട്ട ഒരു മീൻപിടുത്തക്കാരൻ മാത്രം. ആകയാൽ വെറുമൊരലങ്കാരപ്രയോഗമല്ല ഈ പ്രസ്താവന; പ്രത്യുത, ഒരു യാഥാർത്ഥ്യത്തിന്റെ പ്രകടമായ പ്രഖ്യാപനം. അക്കാലത്തെ ക്രൈസ്തവർ ഇതു വായിച്ചപ്പോൾ പകച്ചുപോയിട്ടുണ്ടാകുമോ? ഇല്ലെന്നുവേണം കരുതുവാൻ. കാരണം, തങ്ങളും പുരോഹിതരാണെന്ന് അവർക്കു നന്നായറിയാമായിരുന്നു. ക്രൈസ്തവസഭയുടെ ജീവിതത്തിലും പ്രവർത്തനപരിപാടികളിലും അവർ എത്രമാത്രം ആത്മാർത്ഥതയോടും ത്യാഗസന്നദ്ധതയോടും കൂടിയാണു സഹകരിച്ചിരുന്നതെന്നും, ക്രിസ്തീയാദർശങ്ങളെ മുൻനിറുത്തി ജീവിക്കുന്നതിൽ അവർ എത്രമാത്രം നിഷ്ഠയുള്ളവരായിരുന്നുവെന്നും അറിയാത്തവരുണ്ടോ? എന്നാൽ ഇക്കാലത്തെ ക്രിസ്ത്യാനികളിൽ മഹാഭൂരിപക്ഷത്തിനും തങ്ങളേവരും "രാജകീയപൌരോഹിത്യം" വഹിക്കുന്നവരാണെന്നു പറഞ്ഞുകേൾക്കുമ്പോൾ വല്ലാത്തൊരമ്പരപ്പും അത്ഭുതവും തോന്നാതിരിക്കയില്ല.

ഭൂവാസികളായ മാനവരാശിയുടേയും സ്വർഗ്ഗസ്ഥനായ പിതാവിന്റേയും ഇടയിൽ മഹാമദ്ധ്യസ്ഥനായി വർത്തിക്കുന്ന നിത്യപുരോഹിതനാണ് ക്രിസ്തു. കത്തോലിക്കാമതത്തിലെ കേന്ദ്രസിദ്ധാന്തങ്ങളിൽ ഒന്നാണിത്. സെൻറ് പോൾ എബ്രായക്കാർക്കുള്ള ലേഖനത്തിൽ പറയുന്നു: "ആകയാൽ ദൈവപുത്രനും, സ്വർഗ്ഗത്തിലേയ്ക്കു കയറിയവനുമായ ഈശോമിശിഹാ എന്ന ശ്രേഷ്ഠനായ

പ്രധാനാചാര്യൻ നമുക്കുള്ളതുകൊണ്ട്, അവനെ ഏററു പറയുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം" (എബ്രാ. 4-14). അവിടുത്തെ ഐഹികജീവിതത്തിനു മകുടം ചൂടിയതു് ഗാഗുൽത്താമലയിലെ പരമബലിയർപ്പണമാണല്ലൊ.

ജ്ഞാനസ്നാനംമൂലമാണു നാം ക്രിസ്ത്യാനികളായിത്തീർന്നതു്; ക്രൈസ്തവസഭാംഗങ്ങളായി എണ്ണപ്പെട്ടതു്. ക്രൈസ്തവസഭയാകട്ടെ ക്രിസ്തുവിൻെറ മൗതികശരീരമാണ്. ആകയാൽ ക്രിസ്തുവിൻെറ നിഗൂഢഗാത്രമായ തിരുസഭയിലെ ഓരോ അംഗവും തൽഗാത്രത്തിൻെറ ശിരസ്സായ ക്രിസ്തുവിനോടു് അതിഗാഢമായവിധം ബന്ധപ്പെട്ടിരിക്കുന്നു. മാമ്മോദീസവഴിയായി നമ്മിലുളവായ മിശിഹായോടുള്ള അതിസ്വാഭാവികമായ ഐക്യം, സ്ഥൈര്യലേപനസ്വീകരണത്തോടെ ഒന്നുകൂടി ദൃഢീഭവിക്കുന്നു. ഈ രണ്ടു കൂദാശകളും നമ്മുടെ ആത്മാവിൽ മായാത്ത മുദ്രകൾ പതിക്കുകയും ചെയ്യുന്നു. അക്കാരണത്താലത്രെ നാമേവരും ക്രിസ്തുവിൻെറ നിത്യപൗരോഹിത്യത്തിൽ അംശഭാക്കുകളായി ഭവിക്കുന്നതു്. പ്രസ്തുത കൂദാശകൾ ക്രൈസ്തവരേവരേയും ക്രിസ്തുവിൻെറ മൗതികശരീരത്തിലെ സജീവാംഗങ്ങളായി പ്രതിഷ്ഠിക്കുന്നതോടൊപ്പം, ആ ശരീരത്തിൻെറ ശിരസ്സായ ക്രിസ്തുവിൻെറ പുരോഹിതപദവിയിൽ അവശ്യം പങ്കാളികളാക്കി ഉയർത്തുകയും ചെയ്യുന്നു. ഇങ്ങനെ ജ്ഞാനസ്നാനത്താലും മുമ്പിലത്തെ ഒപ്പുശുശ്രൂഷയാലും അൽമായരും അവരുടേതായ പൊതുപൗരോഹിത്യത്തിനു് അവകാശികളാണെന്നോർക്കണം.

പൊതുപൗരോഹിത്യം എന്നു പറഞ്ഞതിൽനിന്നു പ്രത്യേകപൗരോഹിത്യം എന്നു വേറൊന്നുണ്ടെന്നു വ്യക്തമാണല്ലൊ. "ദൈവത്തിൻെറ ജന"ത്തിൽ താരതമ്യേന ലഘുവായ ഒരു ന്യൂനപക്ഷം അംഗങ്ങൾക്കു് അദ്ധ്യാത്മസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകൾക്കു പുറമെ തിരുപ്പട്ടം എന്ന ഒരു സവിശേഷകൂദാശകൂടി നൽകപ്പെടുന്നുണ്ടു്. തദ്വാര നിത്യപുരോഹിതനായ ക്രിസ്തുവിൽനിന്നു സാധാരണക്രിസ്ത്യാനികൾക്കില്ലാത്ത ഏതാൻ ചില ശ്രേഷ്ഠാധികാരങ്ങളും വിശേഷാവകാശങ്ങളും അവർക്കു കൈവരുന്നു. തിരുപ്പട്ടം സ്വീകരിക്കുന്നവരുടെ ആത്മാവിൽ മൂന്നാമതൊരു ശാശ്വതമുദ്രകൂടി പതിയുന്നു. തന്മൂലം ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ അഭേദ്യമായി അവർ ബന്ധപ്പെടുന്നു; ഔദ്യോഗികപുരോഹിതന്മാരായി അവകാശപൂർവ്വം അവർ അവരോധിക്കപ്പെടുന്നു. ഇവരാണ് നമ്മുടെ വൈദികന്മാർ.

ക്രിസ്തീയപൗരോഹിത്യം സംബന്ധിച്ചു് ക്രിസ്തുവിലൂടെ ദൈവം ആവിഷ്കരിച്ച സിദ്ധാന്തങ്ങൾ സുലളിതവും മനോജ്ഞവുമാണ്. ദൈവകുമാരനായ ഈശോമിശിഹാ— അവിടുന്നാണ് നമ്മുടെ നിത്യപുരോഹിതൻ; പുതിയനിയമത്തിലെ ഒരേയൊരു പ്രധാനാചാര്യൻ. പട്ടമേററിട്ടുള്ള പുരോഹിതന്മാർ ക്രിസ്തുവിൽനിന്നു സവിശേഷമായ അദ്ധ്യാത്മാധികാരങ്ങൾ പ്രാപിച്ചിട്ടുള്ള അവിടുത്തെ പ്രതിപുരുഷന്മാരും. ലോകാവസാനംവരെയും മിശിഹായുടെ വരപ്രസാദവും കൃപയും സ്നേഹവും മാനവസഹോദരങ്ങൾക്കു പ്രദാനംചെയ്യുവാനുള്ള "തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളായി" അവർ വർത്തിക്കും.

അൽമായരും ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ സ്വീകരണംവഴി ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ അംശഭാഗിത്വം സിദ്ധിച്ചവരാണെന്നു പറഞ്ഞുവല്ലൊ. വൈദികന്മാരുടെ പൗരോഹിത്യത്തിൽനിന്നുള്ള വ്യത്യാസം സൂചിപ്പിക്കുവാൻ വേണ്ടി താദൃശപൗരോഹിത്യത്തെ പൊതുപൗരോഹിത്യം (Commcn Priesthood) എന്നാണ് നാമകരണംചെയ്യപ്പെടുന്നതു്.

(തുടരും)

•

അദ്ധ്യാപകൻ: "തെങ്ങുകൊണ്ടുള്ള ഉപയോഗം എന്തെല്ലാമാണ്?"

വർഗ്ഗീസ്: "പുരമേയാൻ, വെളിച്ചെണ്ണ; വീടുണ്ടാക്കാൻ, കയറ് മുതലായവ—"

അദ്ധ്യാപകൻ: "ബാക്കി തോമസ് പറയട്ടെ."

തോമസ്: "ചകിരിച്ചോറുകൊണ്ടു് മടയന്മാരുടെ തല നിറയ്ക്കാം."




പള്ളിയുടെ അലങ്കാരവസ്തുക്കൾ!

മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ്ലാമ്പുകൾ, ക്രൂവററ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോറൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്റ്ററ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർ ചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
Branch ALUMKADAVU

ആരക്കുഴ അപ്പച്ചൻ

ചെറുകഥ

# പെണ്ണു പുല്ലാണ്

കന്നിക്കൊയ്ത്തു കഴിഞ്ഞ പാടത്ത് പത്തുക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ട്. നേരം ഉച്ച കഴിഞ്ഞു. വെയിലിന്റെ കാഠിന്യം കൂടിവന്നു. ചൂടു സഹിക്കവയ്യാതെ പക്ഷികൾ വൃക്ഷശിഖരങ്ങളിൽ പച്ചിലകളുടെ ശീതളച്ഛായയിൽ ആശ്വസിക്കുകയാണ്. പാടത്തുനിന്നു ചുടുകാററ വീശുന്നുണ്ട്. കുഞ്ഞച്ചൻ അക്ഷമനായി. അയാൾ റോഡിലേയ്ക്ക് എത്തിനോക്കി.

"ഇനി ഇന്നും ഉണ്ടാവില്ലെന്നാ തോന്നുന്നേ"

"എന്തുണ്ടാകാനാണെടാ." എച്ചിച്ചടത്തി വരാന്തയിലേയ്ക്കിറങ്ങിവന്നു.

"അവളിന്നു വരുമെന്നാ പറഞ്ഞിരുന്നേ"

"അവളുടെ കൂട്ടത് പറയാത്ത കാററമേയുള്ളൂ."

"അതെന്താണമ്മേ, അങ്ങനെ പറയുന്നത്?"

"അവരു പറഞ്ഞിട്ട് ഒരിക്കലെങ്കിലും വാക്കു പാലിച്ചിട്ടുണ്ടോടാ. ഞാനറിയാഞ്ഞിട്ടു ചോദിക്ക്യാ."

"അവരും മനുഷ്യരല്ലെ. വല്ല ഇഞ്ചെൻപണിയുമാണോ, എല്ലാം കൃത്യം അളവൊപ്പിച്ചു വാർത്തെടുക്കാൻ?"

"എന്തിനു പറയുന്നു, നീ അവരേക്കാൾ കഷ്ടമാ."

"എന്താണെന്നൊന്നു തെളിച്ചുപറയമ്മെ."

"എന്നാ പറയാനാണെടാ നിന്നോടൊക്കെ. ആണുങ്ങളായാൽ കുറെ തൻറാടം വേണം. നിന്നേപ്പോലൊരു പെണ്ണുണ്ണി!"

"അമ്മ കിടന്നു ചിലയ്ക്കാതെ കാര്യം പറയൂ."

"നിന്നോടെന്തിനു പറയുന്നു, നാണമില്ലാത്തവൻ!"

"പിന്നെ എന്തിനാ ഇത്രയും പറഞ്ഞത്?"

"എല്ലാരും പെണ്ണുകെട്ടി; എന്റെ കുഞ്ഞച്ചനും പെണ്ണുകെട്ടി."

"അമ്മയിപ്പോഴാണോ ഇതറിഞ്ഞത്?"

"അതാടാ ഞാൻ ചോദിക്കുന്നേ. നീ പെണ്ണുകെട്ടി കൊച്ചൊന്നായില്ലേടാ. എന്നിട്ടും അവരു പറഞ്ഞ വാക്കു പാലിച്ചോടാ ചൂടലി?"

"അമ്മ പെടയ്ക്കാതിരി; ഇന്നു കൊണ്ടുവരുമായിരിക്കും."

"കൊണ്ടുവരും, കൊണ്ടുവരും; നിനക്കു ചുണയില്ലാഞ്ഞിട്ടാ."

"എനിക്കില്ലെങ്കിലും അമ്മയ്ക്കു ചുണയുണ്ടല്ലോ."

"ഉണ്ടെടാ, ഞാൻ കണക്കുപറഞ്ഞു മേടിക്കുകയും ചെയ്യും. നീ നോക്കിക്കോ."

"അമ്മയ്ക്കൊന്നു തവതാരിക്കാതിരിക്കാമോ?"

"അല്ലെങ്കിൽ നീ എന്നാ ചെയ്യുമെടാ?"

"ഞാനെന്റെ വഴി നോക്കും."

"നിന്റെ വഴി ചെന്നു നോക്കെടാ. അതിനു് എന്റെ പിള്ളയല്ലായിരിക്കണം."

"ഇവിടെ ഇരിക്കുന്നതിലും ഭേദം വല്ല കള്ളുഷാപ്പിലും പോയിരിക്കുകയാ."

"ഇനി അതിന്റെ കുറവുംകൂടിയേയുള്ളൂ. എന്താ പിന്നെ ഇവിടെ ഇരിക്കണെ? പൊയ്ക്കോടാ കള്ളുഷാപ്പിലേയ്ക്ക്."

"ഞാൻ കേട്ട മട്ടത്ത്" കുഞ്ഞച്ചൻ ചെവി പൊത്തിക്കൊണ്ടു മുററത്തിറങ്ങി.

"നീ പോവ്വാണോടാ, നിന്റെ കെട്ടിയോളും പുന്നാരമോനും വരുമെന്നു പറഞ്ഞിട്ട്?"

"അതിനവരു വേറെ വല്ലിടത്തേയ്ക്കുമാണോ വരുന്നത്?"

"അതേടാ, എനിക്കൊണ്ടു പററില്ലാ എല്ലാത്തിനും വയ്ക്കാനും വിളമ്പാനും"

"ഇതെന്താ അമ്മയ്ക്കിങ്ങനെ!"

"എനിക്കിങ്ങനെയാ ഇന്ന്. നീ നോക്കിക്കോ; ഞാൻ കാണിച്ചുതരാം."

"അമ്മ എന്താണെന്നു കാണിച്ചോളൂ." അവൻ നടയിറങ്ങി.

"നിന്റെ പെമ്പിറന്നോളും കൊച്ചുമല്ലേ ദേ, എഴുന്നള്ളിവരുന്നെ? ചെന്ന് മാലയിട്ടു സ്വീകരിക്ക്."

"അമ്മയെനിക്കു ഭ്രാന്തു പിടിപ്പിക്കരുത്."

"ഞാനാണോ ഭ്രാന്തു പിടിപ്പിക്കുന്നത്?"

* * * *

"മോനേ! ഒന്നു ചിരിച്ചേടാ. അപ്പച്ചന്റെ കൈയിലിരുന്നൊന്നു ചിരിച്ചേടാ—നിങ്ങളെന്താ ഇത്ര താമസിച്ചത്?"

"വണ്ടി കേടായി ഇടയ്ക്കു കിടന്നു. പിന്നെ വണ്ടിയിൽനിന്നിറങ്ങിയിട്ടാണെങ്കിലും അപ്പനു് നടക്കാൻ വല്യപ്രയാസം.

"അപ്പൻ കഷായം കുടിച്ച് പഥ്യം കഴിഞ്ഞോ?"

"എന്റെ കുഞ്ഞച്ചാ, പഥ്യമെല്ലാം കഴിഞ്ഞെടാ. എന്നിട്ടും കാലിന്റെ മുട്ടിലെ നീരു വിട്ടുമാറുന്നില്ല."

"വാതമല്ലെ, വയസുകാലത്തു പിടികൂടിയാൽ പിന്നെ പൂർണ്ണമായി സുഖമാകുകയില്ല."

"എന്നും വല്ലതും വെന്തും കുടിച്ചും ഇരുന്നാൽ കഷ്ടിച്ച് എണീററ നടക്കാം."

*(ശേഷം 152-ാം പേജിൽ)*

# മരിയൻ സൊഡാലിററിയുടെ നാലാം ശതാബ്ദജൂബിലി

*(133-ാംപേജിൽനിന്നു തുടർച്ച)*

## അവസാനദിവസം

സമാപനദിനമായ 19-ാം തിയതി ഞായറാഴ്ച കാലത്തു് 9 മണിക്കു് സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽവച്ചു് നാഷണൽ പ്രമോട്ടർ റവ: ഫാ. ബെനാക് എസ്. ജെ. പതാകയുയർത്തി. തുടന്നു് തൃശ്ശൂർ രൂപതാ വികാരി ജനറാൾ മോൺ. സക്കറിയാസ് വാഴപ്പിള്ളിയുടെ പ്രസംഗമായിരുന്നു. ഇന്നത്തെ പഠനക്കളരികളിൽ തലേ ദിവസത്തേതിലും വളരെയധികം പ്രതിനിധികൾ സംബന്ധിച്ചിരുന്നു. "സഭയിൽ മരിയസഖ്യത്തിനുള്ള സ്ഥാനം" എന്ന വിഷയം അവതരിപ്പിച്ചുകൊണ്ടു് മോൺ. വാഴപ്പിള്ളി ചെയ്ത പ്രസംഗത്തിൽ സഭയുടെ ആന്തരികവും ബാഹ്യവുമായ വളർച്ചയ്ക്കു് സൊഡാലിററി എപ്രകാരം സഹകരിക്കണമെന്നു് ലളിതവും വ്യക്തവുമായ ഭാഷയിൽ വിവരിച്ചു. പതിനേഴ പതിനെട്ടു വയസ്സു തികഞ്ഞു, ജീവിതത്തിൻെറ നാല്ക്കവലയിൽ എത്തുന്ന ചോരയും നീരുമുള്ള യുവാക്കൾ ദേവാലയത്തോടും കൂദാശകളോടും ഗുഡ്ബൈ പറഞ്ഞു പിരിയുന്ന ദയനീയമായ സമ്പ്രദായത്തിനു് അറുതിവരുത്തുവാൻ തക്കവണ്ണം കേരളത്തിലെ ഇടവകകളിൽ സീനിയർ സൊഡാലിററികൾ സ്ഥാപിക്കേണ്ടതിൻെറ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി.



ഡയറക്ടർമാരുടെ സമ്മേളനത്തിൽ ഫാദർ ബെനാക് പ്രസംഗിക്കുന്നു.

"മരിയസഖ്യവും പ്രേഷിതപ്രവത്തനങ്ങളും" എന്ന ചർച്ചാവിഷയം അവതരിപ്പിച്ചുകൊണ്ടു് ഓരോ കത്തോലിക്കനും, പ്രത്യേകിച്ചു് ഓരോ സഖ്യതാംഗവും, അടിസ്ഥാനപരമായി ഓരോ പ്രേഷിതരായിരിക്കണമെന്നു് അഡ്വക്കേററ് ശ്രീ. ജോർജ്ജ് വർഗീസ് കണ്ണന്താനം പ്രസ്താവിച്ചു. മാതൃകാപരമായൊരു ജീവിതം ഏററവും നല്ലൊരു പ്രേഷിതപ്രവത്തനമാണെന്നു ചൂണ്ടിക്കാട്ടിക്കൊണ്ടു് മാതൃകാപരമായ വസ്ത്രധാരണത്തിനു് കത്തോലിക്കാ വനിതകൾ നേതൃത്വം നല്കേണ്ടതിൻെറ ആവശ്യകതയും അദ്ദേഹം പരാമർശിച്ചു. ബോംബെയിലും മററും ഉള്ളതുപോലെ കേരളത്തിലെ പ്രധാന പട്ടണങ്ങളിലും മാതൃകാപരമായ വസ്ത്രധാരണത്തിനു് നേതൃത്വം നല്കുന്ന വനിതാസംഘടനകൾ രൂപമെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണെന്നു് ഹർഷാരവങ്ങൾക്കിടയിൽ ശ്രീ. കണ്ണന്താനം അഭിപ്രായപ്പെട്ടു.

ഉച്ചതിരിഞ്ഞു് ഒരു മണി മുതൽ മൂന്നു മണിവരെ നടന്ന കലാപരിപാടികളിൽ വിവിധ സൊഡാലിററി ഗ്രൂപ്പുകൾ മത്സരിച്ചു. 3 .. 30നു് കണ്ണുംകുന്നത്തു കൊവേന്തയിൽ വച്ചു നടന്ന ദിവ്യബലിയിൽ സൊഡാലിററി ഡെലഗേററുകൾ സംബന്ധിക്കുകയും പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുകയും ചെയ്തു. അതേത്തുടന്നു് അയ്യായിരത്തിൽപരം യുവതീയുവാക്കളും ബഹു: വൈദികരും കന്യാസ്ത്രീകളും ചേന്നു് എറണാകുളം പട്ടണം ചുററി നടത്തിയ റാലി വർണ്ണശബളവും ഭക്തിനിർഭരവുമായിരുന്നു. റാലിയിൽ വിവിധ രൂപതകളുടേയും സ്ഥാപനങ്ങളുടേയും വകയായി ക്രിസ്തുവിൻേറയും മറിയത്തിൻേറയും ജീവിതരംഗങ്ങളെ പ്രദർശിപ്പിക്കുന്ന ടാബ്ളോകളും ഫ്ളോട്ടുകളും പങ്കെടുത്തിരുന്നു.


## സമാപനസമ്മേളനം

റാലിക്കുശേഷം നടന്ന സമാപനസമ്മേളനത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേററി തിരുമേനിയാണു് ആദ്ധ്യക്ഷ്യം വഹിച്ചതു്. ഫാദർ ജേക്കബ്ബ് ഏററനാട്ടു് സ്വാഗതം പറഞ്ഞു. സൊഡാലിററിയുടെ ആരംഭത്തേയും നേട്ടങ്ങളേയും കുറിച്ചു് സമഗ്രമായി പ്രതിപാദിച്ച അദ്ധ്യക്ഷൻ തിരുമേനി മരിയസഖ്യങ്ങൾ കേവലം ഭക്തസംഘടനകളല്ലെന്നും പ്രേഷിതപ്രവത്തനസംഘങ്ങളാണെന്നും പ്രസ്താവിച്ചു. കേരളത്തിലെ സൊഡാലിററിപ്രവത്തനങ്ങൾ ഏതെങ്കിലും വിധത്തിൽ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ ഈ സന്ദർഭമുപയോഗിച്ചു് അവയെല്ലാം പരിഹരിച്ചു് മുന്നേറട്ടെയെന്ന ആശംസയോടെയാണു് അദ്ധ്യക്ഷൻ പ്രസംഗം അവസാനിപ്പിച്ചതു്. എറണാകുളം പട്ടണത്തിൻെറ ഹൃദയഭാഗത്തു നടന്ന അതിഗംഭീരമായ ഈ ആഘോഷങ്ങൾ മരിയൻ സൊഡാലിററിക്കു് കേരളത്തിൽ ലഭി

*(ശേഷം 146-ാം പേജിൽ)*



ഡയറക്ടർമാരുടെ കോൺഫറൻസിൽസംബന്ധിച്ചിരുന്നവർ



സമാപനസ
മോസ്റ്റ റവ.
തിരു


പ്രതിനിധിസമ്മേളനത്തിൽ റൈററ് റവ.
മോൺ. വാഴപ്പിള്ളി പ്രസംഗിക്കുന്നു.

ഗ്രൂപ്പുതിരിഞ്ഞുള്ള ചർച്ചകളിൽ ഒന്ന്. ചർച്ച
നയിക്കുന്നതു് കോഴിക്കോട്ട് രൂപതാ പ്രമോട്ടർ
ഫാദർ ജെ. പുലിക്കോടനാണ്. →



# എറണാകുളത്തെ മരിയ

ചി



ഗ്രൂപ്പുതിരിഞ്ഞുള്ള ചർച്ചകളുടെ
വേറൊരു ദൃശ്യം. ഇതുപോലെ മുപ്പ
തോളം ഗ്രൂപ്പുകളുണ്ടായിരുന്നു.

സമാപനറാലിയിലെ മറെറാരു →
വീക്ഷണം.






'ജൂബിലി
ഫാദർ പുമ്മ

ത്തിൽ അദ്ധ്യക്ഷൻ
ജോസഫ് അട്ടിപ്പേററി→
പ്രസംഗിക്കുന്നു






പൊതുസമ്മേളനത്തിലെ അദ്ധ്യക്ഷവേ
ഇരിക്കുന്നവർ:– ഫാദർ ബെനാക് എസ്. ജെ
← ആർച്ചുബിഷപ്പ് അട്ടിപ്പേററി, ശ്രീ. പി. റ
തോമസ് എം. ഏ.

# നസാഡാലിററി ജൂബിലി
## ളിൽ


ഫോട്ടോ: ഭാരത് സ്ററഡിയോ, തൃശൂർ.



↑



കൻ:
ട് S. J.



'യുദ്ധസന്നദ്ധമായ സൈന്യനിര
യെപ്പോലെ' അടിവെച്ചടിവെച്ചു
← മാർച്ചുചെയ്യുന്ന മരിയാമക്കൾ സമ
പനാഘോഷയാത്രയിൽ.

*(143_ൽനിന്നു തുടർച്ച)*

ച്ചിട്ടുള്ള പ്രചാരത്തിനും ജനസമ്മതിക്കും ഒരു തെളിവാണെന്നു പ്രസ്താവിച്ചുകൊണ്ടാണു് സമാപനസമ്മേളനത്തിലെ പ്രാസംഗികനായ പ്രൊഫസർ പി. ററി. തോമസ് എം. ഏ. തന്റെ പ്രസംഗമാരംഭിച്ചതു്. വിവിധതുറകളിൽ സേവനമനുഷ്ഠിക്കാൻ അദ്ധ്യാത്മികചൈതന്യം നിറഞ്ഞ യുവതീയുവാക്കളെ വളർത്തിയെടുക്കുന്നതിൽ സൊഡാലിററിക്കുള്ള കർത്തവ്യത്തെപ്പററി പണ്ഡിതോചിതമായി പ്രാസംഗികൻ പ്രതിപാദിക്കുകയുണ്ടായി.

അതിനുശേഷം വിവിധ മാർപ്പാപ്പമാർ സൊഡാലിററിയെപ്പററി നടത്തിയിട്ടുള്ള ചരിത്രപ്രസിദ്ധമായ പ്രഖ്യാപനങ്ങൾ നാടകീയരൂപത്തിൽ അവതരിപ്പിക്കപ്പെട്ടു. ആദിമമനുഷ്യന്റെ അധഃപതനം, മാതാവിന്റെ മംഗലവാർത്ത, ക്രിസ്തുവിന്റെ ജീവിതത്തിലെ വിവിധഘട്ടങ്ങൾ എന്നിവ ഏററവും ഭക്തിനിർഭരവും മനോഹരവുമായവിധം 'ബാലേ'രൂപത്തിൽ അവതരിപ്പിക്കപ്പെട്ടതു് ആയിരക്കണക്കിനുള്ള സദസ്യരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി. റീജ്യനൽ പ്രമോട്ടർ റവ. ഫാദർ ചുമ്മാർ വടക്കൂട്ട് എസ്. ജെ യുടെ നേതൃത്വത്തിൽ ആലപ്പുഴയിൽനിന്നു വന്നിരുന്ന ഗായകസംഘത്തിന്റെ ഗാനാലാപങ്ങൾ സമ്മേളനത്തെയും കലാപരിപാടികളെയും അതീവാകർഷകമാക്കിയെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. വിവിധമത്സരങ്ങളിലും കലാപരിപാടികളിലും വിജയികളായവർക്കു് സമ്മാനങ്ങൾ നല്കപ്പെട്ടു.

സുദീർഘമായ തന്റെ പ്രവർത്തനങ്ങൾക്കിടയിൽ കാണാനിടയായ വിജയകരമായ ആഘോഷങ്ങളിലൊന്നാണിതെന്നും ഇവിടത്തെ പരിപാടികളിൽ താൻ അതീവസന്തുഷ്ടനാണെന്നും നാഷണൽ പ്രമോട്ടർ റവ. ഫാദർ ബെനാക് എസ്. ജെ പ്രസ്താവിക്കുകയുണ്ടായി.

റവ. ഫാദർ ജോൺ നെടുനിലത്തിന്റെ കൃതജ്ഞതാപ്രകാശനത്തിനുശേഷം പാപ്പാമംഗളത്തോടെ പതിനൊന്നുമണിയോടുകൂടി സമ്മേളനം പര്യവസാനിച്ചു.

ഈ ആഘോഷങ്ങളിലും പരിപാടികളിലും പ്രകടമായ ചൈതന്യപ്രകർഷം കേരളത്തിലെ സൊഡാലിററിക്കു് ശോഭനമായൊരു ഭാവിയുണ്ടെന്നതിന്റെ ചൂണ്ടുപലകയായിരുന്നു.


## രാഗവിപഞ്ചിക

★

*ആധുനികരാഗങ്ങളിലുള്ള 35 മരിയൻ ഗാനങ്ങളുടെ സമാഹാരം. വില: 30 പൈസ. ബുക്ക് പോസ്റ്റ് അയക്കാൻ 10 പൈസ വേറെയും.*

**പുസ്തകം കിട്ടുന്ന സ്ഥലങ്ങൾ:** ഐ. എസ്. പ്രസ്സ്, ഏൽത്തുരുത്ത്, തൃശൂർ_4; ലിററിൽ ഫ്ളവർ ബുക്ക്സ്റ്റാൾ, കോളെജ് റോഡ്, തൃശൂർ_1; യൂണിയൻ പ്രസ്സ്, മരിയാപുരം, തൃശൂർ_5.

# ദി ഇൻഡ്യൻ ഇഷ്യൂറൻസ് ആൻറ് ബാങ്കിംഗ് കോർപൊറേഷൻ ലിമിററഡ്.

**ഹെഡ് ആപ്പീസ്: തൃശ്ശിവപേരൂർ.**

ബ്രാഞ്ചുകൾ: – ആലുവ, ചാവക്കാട്ട്, കോഴിക്കോട്ട്, സേലം, ചേർത്തല, തത്തമംഗലം, തിരൂർ, താനൂർ & തൃശ്ശിവപേരൂർ.

★

## സ്ഥിരം നിക്ഷേപങ്ങളിന്മേലും നോട്ടീസ് ഡപ്പോസിററുകളിന്മേലും ആകർഷകമായ പലിശനിരക്ക്.

**മിതമായ പലിശനിരക്കിൽ ചരക്കുകൾ, ഉല്പന്നങ്ങൾ, ലൈഫ് ഇൻഷുറൻസ് പോളസികൾ, കേപാട്ടഡ് ഷയറുകൾ എന്നീ അംഗീകൃത ഈടുകളിന്മേൽ പണം കടം കൊടുക്കുന്നു.**

*N. B. 22 കാരററ് സ്വർണ്ണപ്പണ്ടങ്ങളിന്മേൽ ഗ്രാമിനു 7ക. പ്രകാരം കടം കൊടുത്തുവരുന്നു.*

*തൃശ്ശിവപേരൂർ, 24—4—1964.*

സി. പി. തോമാസ്,
മാനേജർ.




## VIII. പഴയ ദോഷം, പുതിയ പ്രായശ്ചിത്തം

**– മണിമല –**

റപ്പായി നാടു വിട്ടതിൽപ്പിന്നെ ഇത്ര അസ്വസ്ഥലായിട്ടൊന്നു 'കഴിച്ചി'ട്ടില്ല. ആ മുറി മുഴുവൻ അങ്ങനെ വട്ടം കറങ്ങുകയാണു്. എല്ലാ ചുവരുകളിലും ഷെൽഫുകളും അലമാരകളുമേ അവനു കാണാനുള്ളു. എല്ലാം നിറയെ കുപ്പികൾ അടുക്കിയിരിക്കുന്നു. ഭദ്രമായി അടച്ച കുപ്പികൾ. ആ കോക്കൊന്നു പൊട്ടിച്ചാൽ കാണാം 'വീര്യം' തെറിക്കുന്നതു്.

സന്ദർഭവും സാഹചര്യവുമറിയാതെ രണ്ടാംമുണ്ടു് തലയിൽ വട്ടത്തിൽ വച്ചു് അവൻ ചട്ടമ്പിക്കെട്ടു കെട്ടി.

"എടാ റാസ്കൽ!" ഏമാന്റെ സ്വരമാണതു്.

പെട്ടെന്നു റപ്പായിയുടെ ചട്ടമ്പിക്കെട്ടു് കക്ഷത്തിലമന്നു.

"ഉം, എഴുന്നേല്ക്കിനെടാ പട്ടികളെ." റപ്പായിയും മത്തായിച്ചനും അനുസരിച്ചു. "ഒരു കാര്യം പറഞ്ഞാൽ ചെയ്യാമോടാ പോക്കിരി ........" ആ സംബോധന കുറെ നീളമുള്ളതാണു്.

"ചെയ്യാമേ........" ദാസന്മാർ ഉണർത്തിച്ചു. ഏമാൻതിരുവടി ഹസ്തസംജ്ഞ നല്കി. അങ്ങത്തെ അവരെ കൂട്ടിക്കൊണ്ടു മുററത്തേയ്ക്കിറങ്ങി.

ലോക്കപ്പുമുറിയുടെ പിൻവശത്തുകൂടെ അവർ നടന്നു. അകത്തു് അടിയും ഇടിയും ദീനരോദനങ്ങളും കേൾക്കാം.

പടിഞ്ഞാറെ അററത്തു ലോക്കപ്പുമുറിയുടെ വാതില്ക്കൽ അവർ ചെന്നു. അങ്ങത്തെ കതകിൽ മുട്ടി.

"ആരാതു്........?" അകത്തുനിന്നൊരു ഗർജ്ജനം.

"ഞാനാടോ, നാനൂററി മുപ്പത്തിരണ്ടു് കതകു തുറക്കു്."

വാതിൽ തുറക്കപ്പെട്ടു. നാനൂററി മുപ്പത്തിരണ്ടു് ഓച്ഛാനിച്ചു് ഒരു വശത്തേയ്ക്കു മാറിനിന്നു.

ഇരുട്ടാണു്; കൂരിരുട്ടു്. ഒരു മെഴുകുതിരിയുടെ വെളിച്ചംപോലുമില്ല. പുറത്തു് വേലിപ്പുറപ്പിൽ മിന്നാമിനുങ്ങുകൾ തിളങ്ങുന്നു. അവയിൽ കുറെയെണ്ണത്തിനെ ആ മുറിയിലേയ്ക്കു പിടിച്ചുകൊണ്ടു പോയെങ്കിൽ!

പക്ഷെ ആ മുറി കുററവാളികൾക്കുള്ളതാണു്. മിന്നാമിനുങ്ങുകൾ ഒരു തെററും ചെയ്തിട്ടില്ല. സ്വാതന്ത്ര്യത്തിന്റെ സ്വച്ഛവിഹായസ്സിൽ അവർ മിന്നിത്തിളങ്ങട്ടെ.

അടുത്ത മുറിയിൽ അലർച്ച, മുറവിളിയും തുടരുകയാണു്. നല്ലതുപോലെ ശ്രദ്ധിച്ചെങ്കിലേ കേൾക്കാനാവൂ. മരവിച്ച മനുഷ്യത്വത്തിന്റെ കുറെ മുറുമുറുപ്പുകളും.

മത്തായിച്ചൻ ചെവിയോർത്തുനിന്നു ശ്രദ്ധിച്ചു.

"പൊന്നങ്ങുന്നേ! എന്റെ ചേച്ചി."

"ഫ! നായേ മിണ്ടരുതു്. എനി വായിൽ ഞാൻ തീ വാരിയിടും."

"എന്റെപ്പച്ചനെ എന്തു ചെയ്തു?"

"നിന്റെപ്പച്ചനെ ഉണക്കി പുകയത്തു വച്ചിരിക്കുന്നു. നാളെത്തരാമെടാ പട്ടിപ്പുയലേ." മറെറാരു കൊച്ചങ്ങുന്നുകൂടെ ഗർജ്ജിച്ചു.

"എല്ലാം ഭദ്രം; അല്ലേ?" മൂന്നാംകണ്ണുള്ള അങ്ങത്തെയാണു് ചോദിച്ചതു്.

"ഭദ്രം" നാനൂററിമുപ്പത്തിരണ്ടിന്റെ കട്ടായമായ മറുപടി.

"കയറിട്ടോ?"

"റെഡി."

"ഒററച്ചാക്കാണോ?

"അതെ."

"മൂടിക്കെട്ടിയോ?"

"ഓ, യേസു്."

'അങ്ങത്ത' ഒരു ചെറിയ ടോർച്ചു് തെളിച്ചു. മങ്ങിയ വെളിച്ചമാണു്. ആ മൂലയിൽ രണ്ടു ചുമടിരിക്കുന്നു. വലിയ പഞ്ചസാരച്ചാക്കുകളിൽ ഒതുക്കിക്കെട്ടിവച്ചിരിക്കുകയാണു്.

"എടുക്കിനെടാ". അനിഷേധ്യമായ കല്പന! ചുമട്ടുകാർ തയ്യാറായി. നാനൂററിമുപ്പത്തിരണ്ടു് രണ്ടുപേർക്കും പിടിച്ചുകൊടുത്തു. ചുമടു തലയിൽക്കയറി.

അതു മനുഷ്യശരീരങ്ങളാണോ എന്നൊരു സംശയം! മത്തായിച്ചൻ ഒന്നു നടുങ്ങി. പക്ഷെ റപ്പായി കുലുങ്ങിയില്ല. അവൻ എന്തിനും തയ്യാറാണു്.

അവർ ജീപ്പിനടുക്കലേയ്ക്കാണു് നീങ്ങിയതു്. ആ ജ്ഞാനസ്നാനം ആ ചുമട്ടുകാർ ഭാരമിറക്കി വണ്ടിയിൽ കയററി. അവരും രണ്ടു കാക്കിയുടുപ്പുകാരും പിൻസീററുകളിൽ കയറി. 'മുക്കണ്ണനങ്ങത്തെ' മുൻസീററിലും.

കുരിരുട്ടിനെ വകഞ്ഞുകീറിക്കൊണ്ടു് ജീപ്പ് ഇരമ്പിപ്പാഞ്ഞു. വഴിയരികിൽ നാട്ടുംപുറത്തിൻെറ തൊട്ടുകുറികൾപോലെ കൊച്ചുകൊച്ചു കുടിലുകളുണ്ടു്. അവയിലൊന്നിലും ദീപം തെളിഞ്ഞിട്ടില്ല. അന്ത്യയാമിനിയുടെ സ്വസ്ഥതയും സ്വച്ഛതയും തകർക്കുകയാണ് ആ വാഹനത്തിൻെറ ഇരമ്പൽ. പട്ടണപ്പരിഷ്കാരത്തിൻെറ കുഴലൂത്തായിരിക്കാം അതു്. പക്ഷെ കന്നിമണ്ണിൻെറ കനകസോപാനത്തിൽ കാൽ വച്ചിരിക്കുന്ന കർഷകർക്ക് അതാവശ്യമില്ല. മഴയും വെയിലും! .... വെള്ളവും വെളിച്ചവും ...! പ്രകൃതിയുടെ ഈ അമൂല്യദാനങ്ങൾകൊണ്ടു് അവർ തൃപ്തിപ്പെട്ടുകൊള്ളും.

ഒരു പൂവൻകോഴി ചിറകടിച്ചു കൂവി. എതിർവശത്തുനിന്നു മറെറാന്നുകൂടെ അതാവർത്തിച്ചു. അങ്ങേപ്പുറത്തെ മലഞ്ചരിവിൽനിന്നു് ഒരു പട്ടി കുരച്ചു. തുടന്നു് അയൽപക്കത്തെ പട്ടികളായ പട്ടികളെല്ലാം കുരച്ചു. ആ വർഗ്ഗത്തിലെ ചില ഭീരുക്കൾ നീട്ടി നീട്ടി ഓളിയിടുവാനും തുടങ്ങി.

പട്ടികൾ കുരയ്ക്കട്ടെ; ആ യാത്രാസംഘം കടന്നുപോയി. കുററൻമലയുടെ വിരിമാറിലൂടെ കയറിയുമിറങ്ങിയും ജീപ്പ് നീങ്ങുകയാണ്.

മത്തായിച്ചനുറക്കംവന്നു. റപ്പായി ഒന്നു തല ചായിച്ചു മയങ്ങി. പക്ഷെ രണ്ടുപേർക്കും മുളങ്കമ്പുകൊണ്ടു പിടലിക്കു കുത്തു കിട്ടി.

"ഉറങ്ങാതെടാ പട്ടികളെ; രണ്ടിനേറ്റം എല്ലൊടിക്കും കേട്ടോ?" കാക്കിക്കാരുടെ മുന്നറിയിപ്പാണതു്.

മുൻസീററിൽ ഹെഡ്ഡങ്ങത്ത ചാഞ്ഞു ചരിഞ്ഞുകിടന്നുകഴിഞ്ഞു. അദ്ദേഹം കൂർക്കംവലിച്ചുറങ്ങിപ്പോയി. രാത്രിയിലെങ്കിലും പോലീസുകാർക്കു വിശ്രമം വേണ്ടേ?

ഡ്രൈവർമാത്രം ഉറക്കവുമായി സമരം ചെയ്യും ജോലി തുടന്നു. അയാൾ ജാഗ്രതാപൂർവ്വം ഗിയർ മാററി; സ്റ്റിയറിംഗ് പിടിച്ചു. ഹോറൺ മുഴക്കുകമാത്രം ചെയ്തില്ല. അതു പാടില്ലെന്നു പ്രത്യേകം നിർദ്ദേശം ലഭിച്ചിട്ടുണ്ടായിരിക്കണം.

വണ്ടി വനാന്തരഭാഗത്തു കടന്നു. ഇരുട്ടിനു് ഒന്നുകൂടെ കട്ടി കൂടി. നാട്ടുവെളിച്ചംപോലുമില്ല. വൃക്ഷങ്ങളുടെ വേരുകളിലും പാറക്കല്ലുകളിലും കയറി ജീപ്പ് നൃത്തംവച്ചു. വഴി മോശമാവുകയാണ്. ജീപ്പ് തുമ്മുകയും ചീററുകയും അധികം പുക ഛർദ്ദിക്കുകയും ചെയ്തു. കഴിഞ്ഞു! വഴി അവസാനിക്കുകയാണവിടെ. ആ കുററൻ മലയുടെ അടിവാരത്തിൽ.

ഇരമ്പിപ്പാഞ്ഞുവന്ന വാഹനം നിന്നു. വഴി മുട്ടിയ രണ്ടു ജീവിതങ്ങൾ അതിനുള്ളിൽ നിശ്ശബ്ദമായിരിക്കുന്നു. അതിൻെറ സംവാഹകരായ രണ്ടുപേർ പുതിയ വെളിച്ചത്തിനുവേണ്ടി മുട്ടിത്തിരിയുന്നു. അവർക്കു 'വിസ്കി' പകന്നുകൊടുത്ത പോലീസുകാർ ഉറക്കം തുങ്ങുകയും.

"അങ്ങത്തെ!" ഡ്രൈവർ കലുക്കിവിളിച്ചു. ഹെഡ്ഡങ്ങത്ത പിടഞ്ഞെഴുന്നേററു. "എടോ നാനൂററിമുപ്പത്തിരണ്ടു്! എഴുനൂററിപ്പതിന്നാലു്!!...." രണ്ടു സംഖ്യകളും ഉറക്കംതെളിഞ്ഞു.

അവർ ചുമട്ടുകാരുടെ തലയിൽ ചാക്കുകെട്ടുകൾ പിടിച്ചു വച്ചുകൊടുത്തു. മലയോരത്തിലൂടെ കുത്തനെയുള്ള വഴിയെ ആ സംഘം കയറിപ്പോയി.

ഇടതിങ്ങി വളരുന്ന വന്മരങ്ങൾ; കെട്ടുപിണഞ്ഞുകിടക്കുന്ന വള്ളികളും! കാട്ടുപറവകൾ അവയിലിരുന്നുറങ്ങുന്നു. മങ്ങിയ ടോർച്ചുവെളിച്ചവുമായി നീങ്ങുന്ന ആ സംഘത്തെ കണ്ടു് അവ ചിറകടിച്ചു നാലുപാടും പറന്നു.

തറയിൽ കരിയിലകൾ നിറഞ്ഞുകിടക്കുന്നു. വന്മരങ്ങളിൽനിന്നു 'കാലം' തല്ലിക്കൊഴിച്ച കുറെ സസ്യജീവിതങ്ങൾ. അവയ്ക്കുവേണ്ടി സഹതപിക്കുവാൻ പച്ചിലകൾ തയ്യാറില്ല. അവയൊക്കെ ഉന്നതശാഖകളിലാണ്.

കഴിയുന്നതും കാലൊച്ച കേൾപ്പിക്കാതെ അവർ നടന്നു. കുത്തുക്കായ കയററം കഴിഞ്ഞു് സാമാന്യം


ഏതു കാലാവസ്ഥയ്ക്കും യോജിച്ച തുണിത്തരങ്ങൾക്കു്

Estd: 1934 സന്ദർശിക്കുക: PHONE: 841

★ കുററിച്ചാക്കു ★

ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

നിരപ്പായ ഒരു ഭാഗമുണ്ട്. വന്മരങ്ങളെ കൂട്ടിക്കെട്ടുന്ന കുറെ പുല്ലാനിവള്ളികൾ അവിടെ വളഞ്ഞും തിരിഞ്ഞും തൂങ്ങിക്കിടക്കുന്നു. അങ്ങിങ്ങു ചില വൃക്ഷത്തലപ്പുകളിൽ പൂമൊട്ടുകൾ നിരന്നിട്ടുണ്ട്.

പുലരിയുടെ വെളിച്ചം വ്യാപിച്ചിട്ടില്ല. എങ്കിലും സുഖശീതളമായ കുളിർക്കാററു വീശുന്നു. വരണ്ട ഗ്രീഷ്മത്തിലും അന്ത്യയാമിനിയുടെ കണ്ണീർക്കണങ്ങൾ അവിടവിടെ പൊഴിയുന്നുണ്ട്.

"താഴെ വയ്ക്കു." ഹെസ്റ്റങ്ങത്ത കല്പിച്ചു. പോലീസുകാർ സഹായിച്ചു. ചുമട്ടുകാർ ചുമടിറക്കി വച്ചു.

"അഴിക്കിനെടാ."

വിശ്വസ്തഭൃത്യന്മരെപ്പോലെ അവർ അനുസരിച്ചു. കഴുത്തിൽക്കയറു കെട്ടിയ രണ്ടു ശവങ്ങൾ. മൂന്നായി മടക്കി ചാക്കിനുള്ളിലൊതുക്കിയിരിക്കുന്നു.

റാക്കുറപ്പായിയുടെ ചുമട് ഒരു മദ്ധ്യവയസ്കൻെറ ജഡമാണ്. ശ്മശ്രുക്കൾ വളർന്നിട്ടുണ്ട്. നല്ലതുപോലെ തഴമ്പുമുററിയ കൈകളാണ്. മുണ്ടും ബനിയനും ധരിപ്പിച്ചിരിക്കുന്നു. പുറത്തും നെഞ്ചത്തും ചില താഡനങ്ങളുടെ മുദ്ര കാണാം.

റപ്പായി നെടുവീർപ്പിട്ടില്ല; എങ്കിലും അല്പസമയം അവൻ തരിച്ചുനിന്നുപോയി

മത്തായിച്ചൻെറ കൈവശമുണ്ടായിരുന്ന മൃതദേഹം ഒരു സ്ത്രീയുടേതാണ്. ഇരുപതിലധികം പ്രായമില്ല. ഇടതൂർന്ന സമൃദ്ധമായ കേശഭാരം ചിന്നിനിരന്നു കിടക്കുന്നു. യൗവ്വനത്തിൻെറ ഓജസ്സിൽ ഉരുണ്ടുകൊഴുത്ത അവയവങ്ങൾ; കിനാവുകൾ ഉറഞ്ഞുകൂടിയ ആ കണ്ണുകൾക്കു ചലനമില്ല. അരുണിമയണിയുന്ന കവിൾത്തടങ്ങൾ തീരെ വിറങ്ങലിച്ചുപോയി. ആരോഗ്യം മുററിനില്ക്കുന്ന ആ സുന്ദരിക്ക് ആയുസ്സില്ലാതെ പോയതെന്തുകൊണ്ടോ?

"വലിച്ചു നിവക്കിനെടാ" അങ്ങത്ത കല്പിച്ചു. മടങ്ങിമരവിച്ചുപോയ ആ മൃതദേഹങ്ങളുടെ തലയ്ക്കും കാലിനും പിടിച്ച് അവർ വലിച്ചു. പക്ഷെ നിവരുന്നില്ല. ഒരു പണികൂടെ നോക്കി. കരിയിലപ്പുറത്തു ശവം കിടത്തിയിട്ട് കാൽമുട്ടിലും നെഞ്ഞത്തും ഓരോരുത്തർ കയറിനിന്നു. മദ്യത്തിൽ മയങ്ങിയിട്ടും മത്തായിച്ചനിലെ മനുഷ്യൻ ഒന്നു പിടഞ്ഞു. ആ സ്ത്രീശരീരത്തിൻെറ മാത്തടത്തിൽ ഇരുമ്പുചെരിപ്പിട്ട നാന്തുററി എഴുപത്തിരണ്ട് കയറി നിന്നപ്പോൾ അവൻ പൊട്ടിക്കരഞ്ഞുപോയി.

"ഹ, പട്ടി, നിൻെറമ്മേടവളാണോടാ എവൾ?" അങ്ങത്ത ശാസിച്ചു.

"ഇത്ര സങ്കടമാണെങ്കിൽ നീയവളെയങ്ങു കെട്ടിക്കോടാ. മിന്നും മന്ത്രകോടീം തരാം"—മറെറാരുത്തൻ പരിഹസിച്ചു.

'ഹെസ്റ്റങ്ങത്ത'യിൽനിന്നും പിന്നെയും തുരുതുരെ കല്പനകൾ പുറപ്പെട്ടുകൊണ്ടിരുന്നു. അനുചരന്മാർ അതാവർത്തിച്ചു. കൃത്യനിർവ്വഹണത്തിൽ ചുമട്ടുകാരെ സഹായിക്കുകയുംചെയ്തു.

വളഞ്ഞുപുളഞ്ഞു കോർത്തുകെട്ടിക്കിടക്കുന്ന വള്ളികൾവഴി മൃതദേഹങ്ങളുമായി റപ്പായിയും മത്തായിച്ചനും കയറി. അവയുടെ കഴുത്തിലുള്ള കയറിൻെറ മറേറത്തല ഒരു താന്നിമരത്തിൻെറ രണ്ടു ശിഖരങ്ങളിൽ ബന്ധിച്ചു ജീവിതത്തോടുള്ള രണ്ടു വലിയ ചോദ്യചിഹ്നങ്ങൾപോലെ ആ ജഡങ്ങൾ തൂങ്ങിനിന്നു. താഴെനിന്നു നോക്കുന്നവരാരും പെട്ടെന്നു പറഞ്ഞുപോകും: 'ആത്മഹത്യ.'

'പട്ടികളെ! മിണ്ടിപ്പോകരുത്.' ജോലി തീർന്നപ്പോൾ ഹെസ്റ്റങ്ങത്ത കല്പിച്ചു.

'ഇല്ല.' റപ്പായിയും മത്തായിച്ചനും യാന്ത്രികമായി അനുസരിച്ചു.

മലയുടെ താഴ്‌വാരത്തിൽ ജീപ്പ് കിടക്കുന്നിടത്തേയ്ക്ക് അവർ ഓടിയിറങ്ങിവന്നു. ഡ്രൈവർ വണ്ടി തിരിച്ചിട്ടു തയ്യാറായി നില്ക്കുന്നു. എല്ലാവരും കയറിയിരുന്നു. വണ്ടി പിന്നെയും അതിവേഗം ഇരമ്പിപ്പാഞ്ഞു.

അങ്ങകലെ കിഴക്കെ ചക്രവാളത്തിൻെറ വിളുമ്പിൽ തറച്ച ദൃഷ്ടികളോടെ മത്തായിച്ചൻ ഇരുന്നു. അവിടെ തങ്കവർണ്ണവലയത്തിൽ ഒരു ജ്യോതിർഗ്ഗോളം പൊട്ടിവിടരുകയായിരുന്നു. വെളിച്ചത്തിൻെറ കഞ്ചലകൾ ഒഴുകിയൊഴുകി വരുന്നു. കൂരിരുട്ടിൽനിന്നു കുറെ മുട്ടാളന്മാർ ഓടിയിറങ്ങി ആ വെളിച്ചത്തിൻെറ കഴുത്തിൽ കയറിട്ട് ബ്രഹ്മാണ്ഡകടാഹത്തിൻെറ ഉന്നതമേഖലയിൽ കെട്ടിത്തൂക്കുകയില്ലെന്നാരറിഞ്ഞു!

പുലരി കണ്ണു തുറന്നു നോക്കിയപ്പോൾ ജീപ്പ് മുക്കണ്ണനങ്ങത്തയുടെ മുററത്തെത്തിയിരുന്നു.

"നീയിവിടെയിറങ്ങ്." അദ്ദേഹം മത്തായിച്ചനോടു കല്പിച്ചു. അയാൾ ഉറക്കംതൂങ്ങിയിട്ടെന്നപോലെ മരവിച്ചിരുന്നതേയുള്ളു.

"പട്ടി, നിന്നോടാണങ്ങത്ത പറഞ്ഞത്." നാന്തുറെറഴുപത്തിരണ്ട് മുളങ്കഴകൊണ്ട് അവൻെറ ഭുജത്തിൽ ഒന്നു തട്ടി മത്തായിച്ചൻ ഞെട്ടിയുണർന്നു. അവനും 'അങ്ങത്ത'യും ഇറങ്ങി.

വണ്ടി പിന്നെയും നീങ്ങി. മത്തായിച്ചനും റപ്പായിയും ഒററപ്പെടുകയാണ്; ആയുസ്സിലാദ്യമായി! അവക്കൊന്നു യാത്രപറയാൻപോലും സമയം കിട്ടിയില്ല. ഇങ്ങനെ ഒരു പരിപാടിയെപ്പററി രണ്ടു പേരും തീരെ പ്രതീക്ഷിച്ചതല്ല.

---

**അടുത്ത ലക്കത്തിൽ:**

## പൂത്താലത്തിൽ കുറേ കണ്ണുനീർ

**കഥ തുടരുന്നു.**

# മേയ് മാസ

## I
## നിത്യസഹായനാഥ!

('തച്ചോളി ഒതേനൻ'നിലെ 'കന്നിനിലാവത്തു്'........ എ. മ.)

നിത്യസഹായത്തിൻ കൈ തന്നു കാക്കുന്ന
നാഥേ, നാഥേ! വാഴ്ത്തീടാം........
കൈവണങ്ങീടുമെൻ കൈതവമൊക്കെയും
കാരുണ്യമോടേ പൊറുക്കേണം
കാരുണ്യ .......... (നിത്യസഹായ........

കൈവല്യം തിങ്ങിയ മന്ദാരമല്ലോ നീ
കന്മഷമററവളല്ലോ നീയല്ലോ
പാഴിരുൾ പോക്കണം നേർവഴി കാട്ടണം
പാലിച്ചുകൊള്ളണമെൻതായേ! (നിത്യസഹായ.....

കത്തിജ്വലിച്ചിടും സ്നേഹത്തിൻ ദീപമാ_
യെത്തീ, ലോകത്തിൻ മാർഗ്ഗത്തിൽ
പാപം ഹനിച്ചിടാൻ വന്നൊരു ദൈവത്തിൻ
പുത്രനു മാതാവായ് തീർന്നവളെ. (നിത്യസഹായ.....

## II
## നാരിമാരിൽ പാവനി

('റബേക്ക'യിലെ 'താലീപീലിക്കാടുകളിൽ............' എ. മ )

നാരിമാരിൽ പാവനിയായ്
പാരിൽ വന്നു ജനിച്ചപ്പോൾ
നന്മനിറഞ്ഞൊരു ധന്യ,ധന്യയായ്
പുകഴ്ത്തിടുന്നു—നിന്നെ സ്തുതിച്ചിടുന്നു.
(നാരീമാരിൽ........

മന്നിൽ മർത്ത്യർക്കു നിത്യസഹായമായ്
വന്നൊരു ദൈവകുമാരീ .......വന്നൊരു........
വിണ്ണിൽ, സുതർക്കു നീ നിത്യസങ്കേതത്തെ
തന്നരുളേണം—അമ്മെ—തന്നരുളേണം.
(നാരീമാരിൽ........

പാരിലണഞ്ഞിടും ഏതു ക്ലേശങ്ങളും
പാരം സഹിച്ചിടാനായി .......പാരം........
മക്കളിവർക്കു വരങ്ങൾ നൽകു നീ
മുടങ്ങിടാതെ—അമ്മെ, വരങ്ങളേകു.
(നാരീമാരിൽ........

കുരിശ്ശിലേറിയ നിൻതിരുസൂനുവെ
കാഴ്ചയണച്ചു നീയന്നു്—കാഴ്ച........
പാപികളാകും ഞങ്ങളിന്നു്
പുകഴ്ത്തിടുന്നു—നിന്നെ—സ്തുതിച്ചിടുന്നു.
(നാരീമാരിൽ........

## III
## പുണ്യവസന്തം

('അന്ന'യിലെ 'ഉരുകിയുരുകിയുരുകിത്തെളിയും........' എ മ.)

കഴുകിക്കഴുകിക്കഴുകിക്കളയൂ
കറകളഖിലമെൻ_
കരുണാകരിയെ, വാനനായികെ!
കനിവോലുന്നവളല്ലേ!
(നീ, വാനനായികെ (കഴുകി........
കനിവോലുന്നവളല്ലെ)

സ്വസ്തി! സന്തത,മണയുക നീ
സ്വർഗ്ഗവരങ്ങളുതിർക്കു
സ്നേഹഹൃദന്തക്കളിരലതൻ
സുകൃതം തന്നു തുണയ്ക്കു (കഴുകി .......

എന്നിൽ പുണ്യത്തിൻ വസന്തവുമായ്
വന്നു സായൂജ്യമേകാൻ
ഇരുളകററിടാൻ മിന്നിവരൂ
കരളിൻ ദീപമേ! പോരൂ!

## IV
## വണങ്ങിടാമെ

*('സ്കൂൾമാസ്റ്റർ' എന്ന ചിത്രത്തിലെ*
*'പറവകളായ് പിറന്നിരുന്നെങ്കിൽ' .......എ മ )*

അണിയണിയായ് അണഞ്ഞിടുന്നമ്മേ!
പുകളുയർത്തി—പുകളുയർത്തി
പുകഴ്ത്തീടാൻ—നിന്നെ—പുകഴ്ത്തീടാൻ.
(അണിയണി........

നിത്യവും നിർമ്മലെ, പങ്കിലം പോക്കുന്ന
നിത്യക്കതിരൊളിയെ!
അഴൽ മാച്ചും നിൻെറ പദപത്മം കൂപ്പി
അഴകിൻജോതി! വണങ്ങിടാമെ!
എന്നും—വണങ്ങിടാമെ.
(അണിയണി .......

ആതുരർക്കെന്നുമെ ആലംബമേകുന്ന
അമ്മേ, കനിയണമെ
മലർമാല ചാർത്താം പുകൾ പാടിവാഴ്ത്താം
ഉലകിൻദാനവരങ്ങളേകു_
അമ്മെ! വരങ്ങളേകു.
(അണിയണി .......

വാനവർ വാഴ്ത്തിടും പുണ്യപുഷ്പം നീയേ!
വാഴ്കാവരനിധിയെ!
മഹത്വങ്ങളാന്ന സുകൃതങ്ങൾ ചേന്ന
മകുടം ചൂടി പരത്തിലേറി—നിന്നെ,
വണങ്ങിടാമെ.

## V
## തുണയ്ക്കണമെ

*('വിരലൊന്നു മുട്ടിയാൽ........' എ. മ.)*

ജഗദീശനംബികെ കാരുണ്യനായികെ
തവദാനം നൽകണമെ
ആതങ്കക്കൂരിരുളിൽ ഞാനലഞ്ഞീടുമ്പോൾ

# കീർത്തനങ്ങൾ

അമ്മേ, തുണയ്ക്കണമെ—കൂരിരുളിൽ
അമ്മേ, തുണയ്ക്കണമെ. (ജഗദീശ ....

ആപത്തിലെന്നുമെൻ ആശ്വാസം നീയല്ലൊ
അനഘസംപൂജിതയേ!
അവികലശാന്തിതൻ ആനന്ദജോതിസ്സായ
അങ്ങെപ്പുകഴ്ത്തീയിതേ—വാഴ്ത്തീടുന്നു.
അങ്ങെ പുകഴ്ത്തീയിതേ ...... (ജഗദീശ........

ദിവ്യസ്നേഹത്തിൻ മധുരമാം തൂമരന്ദം
പൊഴിയുന്ന പൊൻമലരേ!
അനവദ്യമങ്ങെതിരുനാമം പാടി
വാഴ്ത്തി സ്തുതിച്ചിടുമെ—പദമണഞ്ഞു
വാഴ്ത്തിസ്തുതിച്ചിടുമെ. (ജഗദീശ.......

## VI
## നരാശ്രയം

('മൂടുപടത്തിലെ' 'തളിരിട്ട കിനാക്കൾതൻ........'എ മ.)

വലയുന്നനരർക്കെന്നും ആശ്രയമേകുമമ്മേ
അലിവോടെ വരങ്ങൾ നീ പൊഴിക്കുചെമ്മെ
ദാനം__പൊഴിക്കുചെമ്മെ.
(വലയുന്ന........

നീ വന്ദ്യ, നീ ധന്യയെന്നുമീജഗത്തിങ്കൽ
നീയെന്ന്യെ, തുണയിവർക്കാരുമില്ലാ.
വിമലപ്രകാശത്തിൻ കിരണങ്ങൾ ചൊരിഞ്ഞിവർ_
ക്കാമയംപോക്കിടുവാനാരുമില്ലാ.
(വലയുന്ന........

കന്യകാമറിയമെ, പാലിച്ചുകൊള്ളമ്മെ,
പാപികൾ പദമേണഞ്ഞു കേഴുന്നല്ലോ.
കാരുണ്യക്കടലല്ലൊ, നീയെന്നുംപാപത്തിൻ
കൂരിരുൾ മായ്ച്ചിടുന്ന ദീപമല്ലോ. (വലയുന്ന........

— ജി. ചിററിലപ്പിള്ളി

—oo—

## ജയ്! ജയ്! മരിയാറാണി!

*('ജയ ജയ ക്രിസ്തുമഹേശാ....'എ. മ.)*

ജയ്! ജയ്! മരിയാറാണി!
ജയ്! ജയ്! വാനവറാണി!
ജയ്! ജയ്! കർമ്മെലറാണി!

1. സ്നേഹത്തിൻ മണിവീണയുമായി
ഉലകിലണഞ്ഞൊരു മാതാവേ,
അണയുകയായി നിൻപദതാരിൽ
ആണിയണിയായി മരിയസുതർ.... (ജയ്........

2. മാനവരക്ഷകനിശോനാഥനെ
കൈകളിലേന്തിയ മാതാവേ,
ഹൃദയതലത്തിൽ നാഥനുവേണ്ടി
മണിയറയേകാൻ കൃപ നൽകു!.... (ജയ്........

3. സഹനത്തിൻ ബലിവേദിയിലോമൽ-
സുതയെയണച്ചൊരു മാതാവേ,
പുഞ്ചിരിതൂകി കുരിശിൻവഴിയിൽ
മഹിമകൾ നേടാൻ വരമരുൾ നീ. (ജയ്........

4. സ്വർഗ്ഗത്തിൻ മലർവാടിയിലെന്നും
പ്രഭ വിതറുന്നൊരു മാതാവേ!
വരസുധ ചൊരിയൂ മോഹനറാണി
പാടുകയായ് നിൻജയഗീതി..... (ജയ്........

— റോസക്കുട്ടി കാപ്പൻ

•

## പാപിയുടെ പ്രാർത്ഥന

*('മൂടുപട'ത്തിലെ 'തളിരിട്ട കിനാക്കൾ....' എ മ.)*

നിലയററൊരലയാഴിതന്നിൽ ഞാനുഴലുമ്പോൾ
നിനവിൽ നിൻതിരുനാമം തെളിഞ്ഞീടുന്നു
എന്നും—തെളിഞ്ഞീടുന്നു.
(നിലയററ........

കാരുണ്യപൊൻദീപം കാണാതെ വലഞ്ഞല്ലൊ
കേഴുന്നീദാസനെന്നെ കാൺമതില്ലേ!
മധുരാംഗി! മരിയാംബ, മനോജ്ഞമാം നിൻനാമം
മാനവർക്കാധാരം മഹിയിലെന്നും. (നിലയററ........

പാവനപദമലർ, പാപി ഞാൻ കൂപ്പിടാം
താവകദീപ്തിയെന്നും ചൊരിയൂ ചെമ്മേ_
നിൻപാദെ, പുകൾ പാടാൻ വന്നീടും ദാസൻഞാൻ
തീർക്കണെ തിന്മയെല്ലാമെന്നാളിലും. (നിലയററ........

— ജോസ് അറയ്ക്കൽ

•

## അമ്മയെന്നെ കൈവിടല്ലെ

*('കൺമണി കരയല്ലെ........' എ. മ.)*

കർമ്മെലകുസുമമെ!
നിർമ്മലയാം രാജകന്യെ
നിത്യവും കൈതൊഴുന്നേൻ
മുക്തിയരുൾ മറിയമെ! (കർമ്മെല........

1. എൻഹൃദയവീണയതിൻ
നാദമാം നീ, ഗാനമാം നീ
നീയെൻെറ ദീപമല്ലെ
ഞാനതിൻ തിരിയല്ലെ? (കർമ്മെല........

2. അംബികെ, അൻപെഴും നിൻ
ചാരുരൂപമെൻെറ ഹൃത്തിൽ
മായാതെയൊളിവീശാൻ
മാതാവെ കനിയില്ലെ. (കർമ്മെല... ....

3. എൻകരളിൻ നോവുകളാം_
പൂക്കൾ കോർത്ത ഹാരവുമായ്
ഏഴയാം ഞാനണയുമ്പോൾ
അമ്മയെന്നെ കൈവിടല്ലെ! (കർമ്മെല........

— സി. പി. തിരൂർ

# പെണ്ണു പുല്ലാണു്

*(142_ാംപേജിൽനിന്നു തുടർച്ച)*

"അതും ശരിയാ. അപ്പനെന്താ വന്നകാലേൽ നില്ലുന്നേ. അകത്തേയ്ക്കു കയറിയിരിക്കു്."

"മോനെ, ഒന്നു ചിരിച്ചേടാ കുഞ്ഞിക്കള്ളാ. നിന്റെ അപ്പച്ചനൊന്നു കാണട്ടെ."

"എടാ, അതു നിന്റെ കൊച്ചാണോടാ?"

"ങാ! എന്റെ കർത്താവെ! എന്തൊന്നാ ഞാനീ കേൾക്കുന്നതു്. ഈ അമ്മയ്ക്കു് എന്തു പററി?"

"എടീ, അമ്മയ്ക്കല്ലെടി പററിയതു്. നിനക്കും നിന്റെ കെട്ടിയവനുമാണെടി."

"ഞങ്ങൾക്കെന്താണമ്മേ പററിയതു്?"

"മുറിക്കകത്തു കേറിയിരിക്കുന്ന നിന്റെ അപ്പനോടു ചോദിക്കെടീ. ഇവിടെക്കിടന്നു ചിലയ്ക്കാതെ."

"എന്താണമ്മേ, ഈ പറയുന്നതു്? കഷ്ടം!"

"അതാണെടാ ഞാനും പറഞ്ഞതു്. കഷ്ടം!"

"എന്താണമ്മേ?"

"ഞാൻ ചോദിച്ചതിനുത്തരംപറയെടാ നാണംകെട്ടവനെ."

"എന്തുത്തരം!"

"ഇതു നിന്റെ കൊച്ചാണോന്നു്?"

"അമ്മയ്ക്കു സംശയമുണ്ടോ?"

"ഈ കൊച്ചിന്റെ മുഖത്തു നോക്കിയാൽ അമ്മയ്ക്കിതു പറയാൻ തോന്നുകയില്ലല്ലോ. ഹും!"

"എടീ നീ അധികം കേറാതെടീ. എന്നാ കൊണ്ടുവന്നേച്ചാടീ ഞെളിയുന്നതു്?"

"അമ്മേ!"

"എന്നാടാ, അമ്മയ്ക്കു്? എടാ നാണംകെട്ടവനേ, എന്താണെന്നു് അമ്മയ്ക്കു്?"

"അമ്മ അനാവശ്യം പറയരുതു്."

"എന്താടാ, അനാവശ്യം പറഞ്ഞതു്?"

"പിന്നെ....?"

"എടാ നീയാ കൊച്ചിന്റെ അരയിലേയ്ക്കൊന്നു നോക്കിക്കേ. കഴുത്തു കണ്ടോ? ഒരു കഴഞ്ചു സ്വർണ്ണം അതിന്റെ ദേഹത്തുണ്ടോ? എന്നിട്ടും മോനു്........!"

"അമ്മയിതിനാണോ ഇത്ര കോപിച്ചതു്?"

"ഇതു പോരായിരിക്കും!"

"കുഞ്ഞച്ചാ, എനിക്കു് നിവൃത്തി ഇല്ലാഞ്ഞിട്ടാണെടാ ഞാനൊന്നും ഉണ്ടാക്കാഞ്ഞതു്."

"അതു സാരമില്ലപ്പാ."

"ഞാനൊരു നൂറു രൂപാ കൊണ്ടുവന്നിട്ടുണ്ടു്; കൊച്ചിനു് ആഭരണത്തിനു പകരം."

"അതങ്ങു കെട്ടിത്തൂക്കിക്കോടാ കൊച്ചിന്റെ കഴുത്തേലു്. സ്വർണ്ണത്തിനു പകരം അതു മതിയല്ലൊ."

"അതല്ലാ, ഈ രൂപാ വല്ല കരിഞ്ചന്തക്കാക്കും കൊടുത്തിട്ടെന്താ മോനെ കാര്യം? നീയിതു് കൊച്ചിന്റെ പേരിൽ ഗവമ്മെൻറിൽ അടയ്ക്കു്. ഈ മുടിഞ്ഞ യുദ്ധം തീരുമ്പോൾ സ്വർണ്ണത്തിന്റെ വില കുറയും. അപ്പോൾ നമുക്കു വാങ്ങാമല്ലോ."

"ശരിയാണപ്പാ, നല്ല ആശയമാണ്."

"എടാ, നിന്റെ ഒരാശയം! എനിക്കു് മനുഷ്യന്റെ മുഖത്തു നോക്കി നടക്കണം."

"അമ്മയ്ക്കെന്നാ മുഖക്കണ്ണാടി വേണോ? നാളെ നമുക്കു് എറണാകുളത്തിനു പോകാം."

"എടാ, നീ എന്നോടു് തട്ടുത്തരം പറയുന്നോ? നിനക്കു ഗുണം വരില്ല കേട്ടോ."

"അമ്മേ, ക്ഷമിക്കണം."

"എടാ, നിനക്കു് എന്നോടു് ഈ തട്ടുത്തരം പറയാനല്ലേ അറിയാവുള്ളു. നിന്റെ കാര്യം നോക്കാൻ നിന്നേക്കൊണ്ടു പററുമോ? ഞാനറിയാഞ്ഞിട്ടു ചോദിക്കുകയാ."

"എന്റെ കാര്യം എന്താണമ്മേ ഞാൻ നോക്കാഞ്ഞതു്? എന്റെ കാര്യക്കേടുകൊണ്ടു് ഇവിടെ എന്തിന്റെ കുറവാണുള്ളതു്?"

"അതല്ലെടാ പറഞ്ഞതു്. ദൈവത്തിന്റെ അനുഗ്രഹംകൊണ്ടു് ഇവിടെ യാതൊരു പോരായ്കയുമില്ല."

"പിന്നെ?"

"അതോ, നിനക്കു തരാമെന്നു പറഞ്ഞ സ്ത്രീധനം കിട്ടിയോ? കൊച്ചിനു് ആഭരണം വല്ലതും തന്നോ?"

"ഇല്ല; അതിനു്?"

"എടാ കുഞ്ഞച്ചാ, എന്റെ കൊക്കിൽ ജീവനുണ്ടെങ്കിൽ ആറു മാസത്തിനകം നിനക്കു തരാമെന്നു പറഞ്ഞ തുക മുഴുവൻ ഞാൻ തന്നുതീക്കാമെടാ."

"അപ്പനോടു ഞാനിപ്പോൾ ഒന്നും ആവശ്യപ്പെട്ടില്ലല്ലോ"

"നിന്റെ അമ്മയുടെ വത്തമാനം കേട്ടതുകൊണ്ടു് പറഞ്ഞതാ."

"എടാ, നീയിങ്ങു മാറിനിന്നേ, ഒരു രഹസ്യം പറയട്ടെ."

"എന്താപോലും!"

*    *    *    *    *

"എടാ, ഇപ്പോൾ മുട്ടിച്ചുകൂടിയാൽ അതൊക്കെ മേടിക്കാം."

"അതിനെന്തുചെയ്യണമെന്നാ അമ്മ പറയുന്നതു്?"

"നീ കട്ടായമങ്ങു പറയണം, സ്ത്രീധനവും, കൊച്ചിനു് ആഭരണവും ഉണ്ടായിട്ടു് അവളെ ഇങ്ങോട്ടു വിട്ടാൽ മതിയെന്നു്. വേഗം മോളേംകൊണ്ടു് തിരിച്ചുപോകാൻ കാർന്നോരോടു പറയണം. മനസ്സിലായോ? നിനക്കു ഗുണം വരാനാ ഞാനീ പറയുന്നതു്."

"മനസ്സിലായി. എനിയ്ക്കുത്ര ഗുണം വരണ്ടമ്മെ."

"ഉം?"

"അതു നടപ്പില്ലെന്നു്."

"അതെന്താണെടാ?"

"അമ്മേ, ഞാനൊന്നു ചോദിക്കട്ടെ?"

"എന്നാ ചോദിക്കാനാ?"

"എന്റെ അപ്പൻ അമ്മയുടെ അപ്പനിൽനിന്നു് സ്ത്രീധനം വാങ്ങിയതിങ്ങനെയാണോ?"

"അയ്യോ!, അങ്ങേരു് അക്കാര്യത്തെപ്പററി പറഞ്ഞുപോലും കേട്ടിട്ടില്ല."

"അതെന്തായിരുന്നമ്മെ, നേരത്തെ കൊടുത്തായിരിക്കും."

"നിനക്കറിയാമല്ലോ, നിന്റെ അപ്പൻ എത്ര നല്ല മനുഷ്യനായിരുന്നെന്നു്! അല്ലാതെ റൊക്കം കൊടുത്തുകൊണ്ടൊന്നുമല്ല."

"അമ്മെ, ഞാൻ ആ അപ്പന്റെ മകനല്ലെ. ഞാൻ ദുഷ്ടനായിരുന്നെന്നു് ഒരു ദിവസം അവൾ എന്റെ കുഞ്ഞിനോടു പറയണമെന്നു് അമ്മ ആഗ്രഹിക്കുന്നുണ്ടോ?"

"അതുകൊണ്ടല്ലാ മോനേ ഞാൻ പറഞ്ഞതു്."

"പിന്നെ?"

"എടാ കുഞ്ഞച്ചാ, ഞാൻ പറയുന്നതു് കേൾക്കു്."

"ഉം."

"സ്ത്രീധനം ഇല്ലെങ്കിൽ പെണ്ണു പുല്ലാണെടാ. അവൾക്കു് പെണ്ണുങ്ങളുടെ ഇടയിൽ ഒരു സ്ഥാനവും ഉണ്ടാവില്ല."

"അതു ശരിയാ."

"നിനക്കു കാര്യം പറഞ്ഞാൽ മനസിലാകും. നീ എന്റെ മോനാ..... അതുപോലെതന്നെ, കൊച്ചിന്റെ അരയിലും കഴുത്തിലും സ്വർണ്ണമില്ലെങ്കിൽ ഞാനെങ്ങനെ നാലുപേരോടു പറയും ഇതെന്റെ മകന്റെ കൊച്ചാണെന്നു്?"

"അമ്മ അക്കാര്യത്തിൽ വിഷമിക്കേണ്ടാ."

"എനിക്കെന്നാ വിഷമം! അവൾക്കും നിനക്കും തന്നെ നാണക്കേടു്."

"എനിക്കു് നാണിക്കാനൊന്നുമില്ലമ്മെ. സ്ത്രീധനം കൂടാതെ ജീവിക്കാനുള്ള വക, അമ്മയുടെ സ്ത്രീധനം കൂടാതെതന്നെ, സമ്പാദിച്ചുവച്ചിട്ടാണു് അപ്പൻ മരിച്ചതു്."

"നിന്റെ കാര്യമല്ലെടാ ഞാൻ പറഞ്ഞതു്."

"അവളുടെ കാര്യവും അങ്ങനെതന്നെ. പണം ഇല്ലെങ്കിലും അവൾക്കു് നല്ല സ്ത്രീധനമുണ്ടു്."

"അതെന്തു സ്ത്രീധനമാണെടാ ഞാനറിയാതെ നീ വാങ്ങിയതു്? എന്നോടു് ഒരു വാക്കു പറഞ്ഞിട്ടാകാമായിരുന്നല്ലോടാ."

"അമ്മയോടു പറഞ്ഞില്ലേ?"

"ഞാനല്ലാതെ നിനക്കു് ആരാണെടാ ഉള്ളതു്?"

"അതിനെന്തു്? അമ്മയറിയാതെയല്ലല്ലോ ഞാൻ ആ സ്ത്രീധനം വാങ്ങിയതു്."

"അതെന്താണെടാ? ഒന്നു പറഞ്ഞേ."

"അമ്മേ, പണമല്ല സ്ത്രീധനം. സ്നേഹമാണു് സ്ത്രീയുടെ ധനം. അവൾ അതിൽ സമ്പന്നയാണു്. എനിക്കതുമതി."

"ഉള്ളതു പറയണമല്ലോ, നീ പറഞ്ഞതു ശരിയാ. അവൾ സ്നേഹമുള്ള കൊച്ചാണു്."

"അമ്മേ, പണം പുല്ലാണു്, ഭാര്യ സ്നേഹസമ്പന്നയല്ലെങ്കിൽ."

"അതു വളരെ ശരിയാ."

"പിന്നെയെന്താണമ്മേ തെററു്? കൊച്ചിനു് ആഭരണം കിട്ടാത്തതാണോ?"

"അതു് ഏതായാലും അല്പം മോശമായിപ്പോയി."

"ഇല്ലമ്മെ, ഒട്ടും മോശമില്ല."

"എങ്കിലും ബഹുജനം എന്തു പറയുമെടാ."

"ബഹുജനം, മണ്ണാങ്കട്ട! അതു കളയമ്മെ."

"അതങ്ങനെ കളയാവുന്നതല്ലെടാ. നാലു പേരു പറയുന്നതിനാ ഇന്നു വില."

"ഈ പൊതുജനത്തിന്റെ വായു് മൂടിക്കെട്ടിയിട്ടു ജീവിക്കുവാൻ പററുമോ?"

"അതില്ല."

"ഇരുമ്പുലക്കയെന്നു് അമ്മ പറയുന്ന ഈ പൊതുജനാഭീഷ്ടം, എല്ലാവരും തുങ്ങിച്ചാകണമെന്നാ."

"എന്നാലും?"

"അമ്മയതിനു തയ്യാറുണ്ടോ?"

"എന്റെ മാതാവേ, നീ എന്തോന്നായീ പറയുന്നതു്?"

"ഞാൻ പറയുന്നതല്ല; അമ്മ പറയുന്ന ബഹുജനം."

"ഓ! നിനക്കിഷ്ടമില്ലെങ്കിൽപ്പിന്നെ എനിക്കാണോ നിർബന്ധം?"

"എന്തിനാണു്, തുങ്ങിച്ചാവാനാണോ?"

"ഹും! ഇവനിപ്പം എന്നെ കളിയാക്കുകയാ."

"പിന്നെ എന്തിനാണു് അമ്മയ്ക്കു് നിർബന്ധമില്ലെന്നു പറഞ്ഞതു്?"

"സ്ത്രീധനപ്പണത്തിനും കൊച്ചിനു് ആഭരണത്തിനും."

"ആവൂ .. .... ആ കൊടുങ്കാററു ശമിച്ചു. ഞാൻ വിചാരിച്ചു അതു് ഈ കുടുംബത്തെ തകർക്കുമെന്നു്."

*     *     *     *     *

"എടീ ലൂസിയാമ്മേ, നീ കൊച്ചിനെ ഇങ്ങു തന്നിട്ടു് ഒരു കുടം വെള്ളം കോരിക്കൊണ്ടുവന്നേ; അത്താഴത്തിനു് അരിടാൻ. ഞാനെന്റെ കൊച്ചിനെയൊന്നു കണ്ടില്ലല്ലോ ഇതുവരെയും ......"

വെയിലിന്റെ കടുപ്പം കുറഞ്ഞു. എങ്ങുനിന്നോ കടന്നുവന്ന ഒരു കുഞ്ഞിക്കാററു് അവരെത്തലോടി.

●

## ഉപകാരസ്മരണ.

*നിത്യസഹായമാതാവിന്റെയും വി. യൂദാതദേവൂസ് ശ്ലീഹായുടേയും വി. യൗസേപ്പ പിതാവിന്റെയും വി. പത്താം പിയൂസിന്റെയും വി. വിൻസെൻറ് ഡി പോളിന്റെയും വി. മാർട്ടിൻ ഡി പോറസ്സിന്റെയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ. വൈകിയതിനു് ക്ഷമാപണം.*

സി. മൈക്കിൾ.

# നിങ്ങളുടെ സംശയങ്ങൾ

**ഫാദർ ആൻറണി അന്തിക്കാട്ട്,**
*എൽ. പിഎച്ച്., എൽ. ഡി.*
**കരിയച്ചിറ, തൃശ്ശൂർ-6.**

●

50. വലത്തെ ചെകിടത്തടിച്ചാൽ ഇടത്തെ ചെകിടും കാണിച്ചുകൊടുക്കണമെന്ന് കർത്താവ് പറയുന്നു. എന്നാൽ എന്തുകൊണ്ടാണ് ദൈവം തെററ് ചെയ്ത മാലാഖമാരെ ഉടനെ നരകത്തിൽ ശിക്ഷിച്ചതു്? (സെബാസ്റ്റ്യൻ പാല്യേക്കര, പുലക്കാട്ടുകര)

ദൈവം മനുഷ്യർക്ക് നൽകിയ ഒരു കല്പനയാണ് പരസ്പരം ക്ഷമിക്കുകയെന്നതു്. പരസ്പരം ക്ഷമിക്കുന്നതിൻെറ തോതനുസരിച്ചാണ് ദൈവം മനുഷ്യരോടു ക്ഷമിക്കുന്നതു്. എന്നാൽ ദൈവത്തെ വെറും ഒരു സൃഷ്ടിയുടെ നിലവാരത്തിലേയ്ക്കു കൊണ്ടുവരാൻ പാടില്ല. വെറുമൊരു സൃഷ്ടി, സ്രഷ്ടാവിനെതിരായി തെററു ചെയ്താൽ, ശിക്ഷിക്കുന്നതിന് അവിടുത്തേയ്ക്കു് പരിപൂർണ്ണ അധികാരവും അവകാശവുമുണ്ട്. പരിപൂർണ്ണ അറിവോടും സമ്മതത്തോടുംകൂടി സ്രഷ്ടാവിൻെറ കല്പന ലംഘിക്കുന്നതിനു ധൈര്യപ്പെടുന്ന മാലാഖമാർക്കും മററു സൃഷ്ടികൾക്കും ദൈവത്തിൻെറ നീതിക്കനുസൃതമായ ശിക്ഷ ലഭിക്കുന്നതുമാണ്. ദൈവത്തിൻെറ പ്രവർത്തനങ്ങളെ വിമർശിക്കുവാനുള്ള പ്രവണത ത്യജിക്കുകയായിരിക്കും നല്ലതു്. ദൈവത്തോളം ബുദ്ധിയും ശക്തിയും ഇല്ലാത്ത വെറും സൃഷ്ടികൾ, ദൈവത്തിൻെറ ആന്തരിക പ്രവർത്തനങ്ങളെ അളന്നു തിട്ടപ്പെടുത്തുവാൻ അശക്തരാണ്.

51. ഒരു പ്രമുഖ കമ്മ്യൂണിസ്റ്റ്കാരൻെറ കുഞ്ഞിന്, വികാരി മാമോദീസ നിഷേധിച്ചു. അതിന് വികാരിക്ക് അധികാരമുണ്ടോ? ആ കുഞ്ഞ് ഭാവിയിൽ നല്ലവനാകയില്ലെന്ന് ആരറിഞ്ഞു? (പി. ഡി. നാസ്, കുക്കഞ്ചേരി,

ഒരു പ്രമുഖ കമ്മ്യൂണിസ്റ്റ്കാരൻ, മഹറോൻ ശിക്ഷയിൽ പെട്ട്, **കത്തോലിക്കാ സഭയിൽനിന്ന് ബ**ഹിഷ്കൃതനാണ്. സഭയിൽനിന്ന് ബഹിഷ്കൃതനാക്കപ്പെട്ട ഒരുവൻെറ കുഞ്ഞിന് മാമോദീസ നൽകാതിരിക്കുവാൻ വികാരിയച്ചന് അധികാരമുണ്ട്. വേറെ ആരെങ്കിലും ആ കുഞ്ഞിനെ കത്തോലിക്കനായി വളർത്തുമെന്നു ബോദ്ധ്യമുണ്ടെങ്കിൽ, മാമോദീസ നൽകാവുന്നതുമാണ്. ആരും ആ ചുമതല ഏറെറടുക്കാനില്ലെങ്കിൽ, പ്രായപൂർത്തി വന്നതിനുശേഷം ആ കുഞ്ഞിന് മാമോദീസ സ്വീകരിക്കാം. ആ കുഞ്ഞ് ഭാവിയിൽ നല്ലവനാകുമോ അഥവാ പിതാവിനെപോലെ നിരീശ്വര കമ്മ്യൂണിസ്റ്റാകുമോ എന്ന് അറിയാൻ നിവൃത്തിയില്ലാത്തതുകൊണ്ടും, സാധാരണഗതിയിൽ മാതാപിതാക്കന്മാരെപ്പോലെ മക്കളും ആകാനിടയുള്ളതുകൊണ്ടുമാണ് ഇപ്രകാരം നിയമമുള്ളതു്.

52. ഇപ്പോൾ പല സ്ഥലങ്ങളിലും സ്ത്രീ പുരുഷനാകുകയും പുരുഷൻ സ്ത്രീയാകുകയും ചെയ്യുന്നു. ഒരുവൻെറ ഭാര്യയ്ക്കു് ലിംഗവ്യത്യാസമുണ്ടായി പുരുഷനായാൽ മറെറാരു വിവാഹത്തിന് സഭ അനുവദിക്കുമോ? (ജോൺ N. വരന്തരപ്പിള്ളി)

സ്ത്രീയോ പുരുഷനോ എന്നു പൂർണ്ണമായി തിരിച്ചറിയാൻ വയ്യാത്ത വിധത്തിൽ ശരീരഘടനയുള്ള ചില കുട്ടികളുണ്ട്. അവരെ മാതാപിതാക്കന്മാരുടെ നിഗമനമനുസരിച്ച് സ്ത്രീയോ പുരുഷനോ ആയി വളർത്തുന്നു. പിന്നീട് അവരിൽ ചിലരിൽ വിപരീതമായി വ്യക്തമായ മാററങ്ങൾ പ്രത്യക്ഷപ്പെടുമ്പോളാണ് ശസ്ത്രക്രിയവഴി അവരുടെ തനി ലിംഗത്തിൽ അവർ ചെന്നെത്തുന്നതു്. സ്ത്രീയെന്ന് തെററിദ്ധരിച്ച് ഒരു പുരുഷനെ വിവാഹംചെയ്ത പുരുഷന് വേറെ വിവാഹം ചെയ്യാവുന്നതാണ്. വിവാഹത്തിനുശേഷം ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ നപുംസകലിംഗമാണെന്നോ ഇരുവരും ഒരേ ലിംഗത്തിൽപ്പെട്ടവരാണെന്നോ ബോദ്ധ്യപ്പെട്ടാൽ, മറെറാരു വിവാഹം നടത്തുന്നതിന് സഭ അനുവദിക്കുന്നതാണ്. നപുംസകലിംഗത്തിൽ പെട്ടവരോ, അഥവാ സ്വന്തലിംഗത്തിൽതന്നെ പെട്ടവരോ തമ്മിൽ നടത്തുന്ന വിവാഹം വാസ്തവമല്ല. സ്ത്രീയും പുരുഷനും തമ്മിൽ മാത്രമെ വാസ്തവമായ വിവാഹം പാടുള്ളൂ.

53. മഹറോൻ ചൊല്ലിയവരെ, സഭയിൽ തിരിച്ചെടുക്കുമോ? (ജോർജ്ജ് കരുത്തി, പേരാമ്പ്ര)

മനസ്താപപ്പെട്ട്, അധികാരികൾ നിശ്ചയിക്കുന്ന പ്രായശ്ചിത്തം ചെയ്യുന്നവരെ സഭയിൽ വീണ്ടും സ്വീകരിക്കുന്നതാണ്.

★



**വി. മാർട്ടിൻ ഡി പോറസിൻെറ മദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ. വൈകിയതിനു ക്ഷമാപണം.**

●

സി. എവുസേബിയ

# എത്രപറഞ്ഞാലും കൂടുതൽ അല്ല

ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. ഏ.

★

'മേയ്മാസം മേരീമാസം' എന്ന ചൊല്ല് കുഞ്ഞുമക്കൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ. മെയ്മാസത്തിൽ എങ്ങോട്ടു തിരിഞ്ഞാലും നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതു് നമ്മുടെ സ്വർഗ്ഗീയമാതാവിനെപ്പററിയുള്ള ഭക്തിപ്രകടനങ്ങളും ആചാരങ്ങളുമാണു്. അപ്രകാരമായിരിക്കെ മെയ്മാസത്തിലെ "മേരിവിജയ"ത്തിൽ പരിശുദ്ധ കന്യകാമറിയത്തെപ്പററിയുള്ള ലേഖനങ്ങൾ കൂടുതൽ കാണുന്നതിൽ അതിശയിക്കാനൊന്നുമില്ലല്ലോ. കുഞ്ഞുമക്കൾക്കു് ഏററം ഇഷ്ടമുള്ള പ്രാർത്ഥന 'നന്മനിറഞ്ഞ മറിയമേ' എന്നതാണെന്നു് എനിക്കറിയാം. അതിനാൽ അതിൻെറ മാഹാത്മ്യത്തെക്കുറിക്കുന്ന ഒരു യഥാർത്ഥസംഭവം പറയാം. കുറേ നാൾ മുമ്പു് ഇംഗ്ലണ്ടിൽ ലങ്കാഷയർ എന്ന സ്ഥലത്തെ ഒരു കർഷകൻ അവിടെയുള്ള കത്തോലിക്കാ വൈദികൻെറ പള്ളിമേടയിൽ ചെന്നു. അയാൾ അച്ചനുമായി പല കാര്യങ്ങളെപ്പററി സംസാരിച്ചതിൻെറ അവസാനം അച്ചനോടാവശ്യപ്പെട്ടു, മരണാസന്നയും രോഗിണിയുമായ അയാളുടെ ഭാര്യയെ ഒന്നു സന്ദർശിക്കുന്നതിനു്. "താനും തൻെറ ഭാര്യയും കത്തോലിക്കരാണോ?" എന്ന ചോദ്യത്തിനു് 'അല്ല' എന്നയാൾ മറുപടിപറഞ്ഞു. അയാളുടെ ആഗ്രഹമനുസരിച്ചു് അച്ചൻ ആ രോഗിണിയെ സന്ദർശിച്ചു. "അച്ചാ, കത്തോലിക്കാ സഭയാണു് ഏകസത്യസഭ. അതിൻെറ തത്വങ്ങൾ പഠിക്കുന്നതിനു് എന്നെ അവിടുന്നു സഹായിക്കണം." "പ്രോട്ടസ്റ്റാൻറുകാരിയായ നിങ്ങൾ കത്തോലിക്കാ സ്കൂളിൽ പഠിച്ചിട്ടുണ്ടോ? നിങ്ങൾക്കു കത്തോലിക്കരായി ആരെങ്കിലും ബന്ധക്കാരുണ്ടോ?" എന്ന അച്ചൻെറ ചോദ്യത്തിനു് "ഇല്ല, ഇല്ല" എന്നവർ മറുപടിപറഞ്ഞു. ആ സ്ത്രീയെ മാമ്മോദീസ മുക്കുന്നതിനു് ആവശ്യമായ പ്രാർത്ഥനകൾ അച്ചൻ പഠിപ്പിച്ചു. കത്തോലിക്കാ കുട്ടികൾ പഠിക്കുന്നതിലും വേഗത്തിൽ അവർ എല്ലാം പഠിച്ചതിൽ അതിശയിച്ചു് അച്ചൻ ചോദിച്ചു: "ഞാൻ നിങ്ങളെ സന്ദർശിക്കുന്നതിനുമുമ്പു് ഈ പ്രാർത്ഥനകൾ നിങ്ങൾ പഠിച്ചിരുന്നതാണോ? ഞാൻ പഠിപ്പിച്ച പ്രാർത്ഥനകൾ ആരെങ്കിലും ചൊല്ലുന്നതു് നിങ്ങൾ കേട്ടിട്ടുണ്ടോ?" കുറേ സമയം ഓർത്തു നിന്നതിനുശേഷം അവർ പറഞ്ഞു: "ഞാൻ ഒരു വിദ്യാർത്ഥിനിയായി ഒരു കത്തോലിക്കാ പ്രൈമറി സ്കൂളിൽ പഠിച്ചിരുന്ന കാലത്തു് ആ സ്കൂളിലെ കത്തോലിക്കാ കുട്ടികൾ ഈ പ്രാർത്ഥനകൾ ചൊല്ലുന്നതു് കേട്ടിട്ടുണ്ടു്. അവയിൽ കുട്ടികൾ പ്രാധാന്യം കല്പിച്ച പ്രാർത്ഥന "നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി, കർത്താവു നിന്നോടുകൂടെ, സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ, നിൻെറ വയററിൽ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു" എന്നതാണു്. എനിക്കു് ആ പ്രാർത്ഥനയോടു പ്രത്യേകതാല്പര്യം തോന്നിയതിനാൽ അതു് എഴുതിവാങ്ങിച്ചു. ദിവസം മൂന്നു പ്രാവശ്യം പല കൊല്ലങ്ങളായി ഞാൻ അതു വായിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ അതു മനഃപാഠമായി." ഇപ്രകാരം പറഞ്ഞുകൊണ്ടു് അവർ 'നന്മനിറഞ്ഞ മറിയം' എന്ന പ്രാർത്ഥന പൂർണ്ണമായി അച്ചനെ ചൊല്ലിക്കേൾപ്പിച്ചു. ആശ്ചര്യമേ, അവളുടെ മതപരിവർത്തനത്തിൻെറ രഹസ്യം അച്ചനിപ്പോൾ മനസ്സിലായി. അവളുടെ മരണസമയം ആ സ്വർഗ്ഗീയമാതാവു് തൻെറ സ്വന്തമായി അവളെ സ്വീകരിച്ചു.

പ്രിയ കുഞ്ഞുമക്കളെ, നിങ്ങൾ പഠിക്കുന്നതു് കത്തോലിക്കാ സ്കൂളുകളിലാണെന്നു് എനിക്കറിയാം. രാവിലെ നാനാജാതിമതസ്ഥരായ എല്ലാ കുട്ടികളുമൊരുമിച്ചു് 'ജനഗണമന' പാടുന്നുണ്ടെന്നു് എനിക്കറിയാം. അപ്പോൾ നിങ്ങൾ വലിയ സ്വരത്തിലും ഈണത്തിലും ഭംഗിയായിട്ടാണു് പാടുന്നതു്. അതു കഴിഞ്ഞു് ആകാശ. നന്മ. ത്രിത്വ. എന്നീ പ്രാർത്ഥനകളും ചൊല്ലുന്നുണ്ടു്. ആ സമയം നിങ്ങൾക്കു സ്വരവുമില്ല, ഈണവുമില്ല. അവയെല്ലാം എവിടെപ്പോയി എന്നു തോന്നും നിങ്ങളുടെ പ്രാർത്ഥന കേട്ടാൽ. ഞാൻ മേലുദ്ധരിച്ച പ്രോട്ടസ്റ്റാൻറുസ്ത്രീയുടെ മാനസാന്തരം നടന്നതു് നിങ്ങളെപ്പോലെയുള്ള കുട്ടികൾ നന്മനിറഞ്ഞ മറിയം എന്ന നമസ്കാരം ചൊല്ലിയതു കേട്ടതുകൊണ്ടാണെന്നു മനസ്സിലാക്കണം. 'ജനഗണമന' പാടാൻ ഉത്സാഹം കാണിക്കുന്നതുപോലെ അകത്തോലിക്കരായ കുട്ടികൾ നിങ്ങളുടെ കൂടെ നമ്മുടെ പ്രാർത്ഥന മൗനമായി ചൊല്ലുന്നുണ്ടു്. നിങ്ങൾ കാണിക്കുന്ന തീക്ഷ്ണതയും ഭക്തിയുമനുസരിച്ചായിരിക്കും അവരുടെ മാനസാന്തരം നടക്കുന്നതു്. അതിനാൽ പ്രാർത്ഥന ചൊല്ലുന്നതു് കുറേക്കൂടി ഭക്തിയോടുകൂടിയായിരിക്കണം. മെയ്മാസത്തിൽ നമ്മുടെ അമ്മയ്ക്കു സമ്മാനമായി നിങ്ങൾ നൽകുന്നതു് ഈ ദൃഢനിശ്ചയമായിരിക്കട്ടെ.

★

## മേൽവിലാസമാററം

●

പത്രാധിപർ സ്ഥലം മാറിയിരിക്കുന്നതിനാൽ ഇനിമേലിൽ മേൽവിലാസം താഴെക്കാണുംപ്രകാരമായിരിക്കും.

ഫാദർ ജെ. ചെമ്മണ്ണൂർ
പത്രാധിപർ 'മേരിവിജയം'
സെൻ ജോൺസ് ചർച്ച്
പറപ്പൂക്കര P. O.
തൃശ്ശൂർ Dt.

# ബല്ലാത്ത പഹയൻ

അന്നു ഞാൻ ഒമ്പതാംക്ലാസ്സിലാണു് പഠിച്ചിരുന്നതു്. എന്റെ ഒരു അങ്കിൾ എർണാകുളത്തുണ്ടു്. ഒരവസരത്തിൽ അങ്കിൾ വീട്ടിൽ വന്നപ്പോൾ എനിക്കു് അങ്കിൾ ഹൌസിലേയ്ക്കു ചെല്ലാനുള്ള പെർമിററു തന്നു. പ്രസ്തുത പ്രമേയം ഭൂരിപക്ഷത്തോടെതന്നെ വീട്ടിലെ അംഗങ്ങൾ സ്വാഗതംചെയ്തു. അതിനു കാരണമുണ്ടു്. ഞാനാകുന്ന അലോഹ്യത്തെ കുറച്ചു ദിവസത്തേയ്ക്കെങ്കിലും മാററിക്കളഞ്ഞാൽ കുടുംബാന്തരീക്ഷം ശാന്തമാകും.

അങ്ങനെ ഒരു സുപ്രഭാതത്തിൽ ഞാൻ എർണാകുളം ടൌണിലെത്തിച്ചേർന്നു. കാലിൽനിന്നു് ഏതു സമയത്തു വേണമെങ്കിലും വേറിട്ടു പോകാൻ ഒരുങ്ങിനില്ക്കുന്ന വള്ളിച്ചെരിപ്പുകളും വാറു് പൊട്ടിയതുകൊണ്ടു് സേഫ്ററിപ്പിന്നിന്റെ സുരക്ഷിതത്വത്തിൽ കഴിയുന്ന 'എയർ'ബേഗും എന്റെ സഹയാത്രികരിൽപ്പെടും.

ഞാനല്പം ഗമയിൽ തലയുയർത്തി നടക്കുമ്പോഴാണു് മെജസ്റ്റിക്കായി ഒരു മനുഷ്യൻ വാക്കു്ചെയ്തു് എന്റെ അടുത്തെത്തിയതു്. അയാളുടെ ഇടതുകക്ഷത്തിൽ തടിച്ച ഒരു 'ഫയല്' ഉണ്ടു്! രണ്ടു് പരിചയക്കാർ തമ്മിൽ കണ്ടുമുട്ടുമ്പോൾ സംഭാഷിക്കുന്നതുപോലെ മൂപ്പർ സംസാരം തുടങ്ങി.

"എവിട്ന്നാ വരുന്നേ... ?"

അയാളുടെ ആദ്യത്തെ ചോദ്യം.

"ഇതെന്തു കഥ ......?" ഞാൻ മനസ്സിൽ പറഞ്ഞു. അയാളോടു് മറുപടി പറയാനായി ഞാനല്പം മടിച്ചുനിന്നു. പിന്നെ സ്ഥലത്തിന്റെ പേരു പറഞ്ഞു.

"ഉദ്യോഗാർത്ഥിയായിരിക്കും........?" അയാളുടെ രണ്ടാമത്തെ ചോദ്യം.

"ശെടാ മനുഷ്യാ, ഒന്നു് മിണ്ടാതിരിക്കെടോ. ...." എന്നു് മനസ്സിൽ പറഞ്ഞു. ഒന്നുകിൽ എവിടാന്നാ വരുന്നേ, എവിടെയ്ക്കാ പോണേ, എന്താ പേരു്?........ ഇതൊക്കെ ചോദിക്കാം — ഒരു നാട്ടുമര്യാദയ്ക്കു്.

പക്ഷേ ....ഈ മനുഷ്യന്റെ ചോദ്യത്തിന്റെ പൊരുളെന്തെന്നു് മനസ്സിലായില്ല. അല്പസമയം കഴിഞ്ഞപ്പോൾ പിടികിട്ടി. ഓ, അങ്ങനെയാണെങ്കിൽ ഒന്നു പററിക്കതന്നെയെന്നു് ഞാൻ മനസ്സിലുറച്ചു.

"എന്താ പേരു്........?" മന്ദഹാസത്തോടുകൂടിയ അയാളുടെ ചോദ്യം.

ഞാൻ പേരു പറഞ്ഞു.

"വയസ്സു്?"

ഞാനല്പം ദേഷിച്ചു. പക്ഷേ .. ...... അതു പുറത്തു കാണിച്ചില്ല. നാടു നമ്മുടേതല്ലല്ലോ? തടി സൂക്ഷിക്കേണ്ടതു് ഓരോ മനുഷ്യന്റെയും ഒഴിച്ചുകൂടാൻവഹിയാത്ത കർത്തവ്യമാണല്ലോ.

"നിങ്ങൾക്കെന്നെ മനസ്സിലായില്ലായിരിക്കും. ഞാൻ എംബ്ലോയിമെൻറ് ഓഫീസറുടെ അടുത്ത സ്നേഹിതനാ. എന്നോടു് ചോദിക്കാതെ അദ്ദേഹം ഒന്നും ചെയ്യുകയില്ല. ഞാനറിയാതെ ഈ ഡിസ്ട്രിക്ടിൽ ഒരു അപ്പോയ്മെൻറും നടക്കുകയില്ല ചുരുക്കത്തിൽ ഇവിടെ ഒരു ജോലി കിട്ടണമെങ്കിൽ എന്നെ കാണണം. തന്നെയുമല്ല, ഇവിടത്തെ മിക്ക പ്രൈവററ് കമ്പനികളിലും എനിക്കു സ്വാധീനമുണ്ടു്........"

ഒരു മൈതാനപ്രസംഗംപോലെ അയാൾ നിന്നു് 'കാച്ചി.' പിന്നെ ഒരു ക്ഷമാപണവും നടത്തി.

"ഞാൻ നിങ്ങൾക്കെന്നെ പരിചയപ്പെടുത്തിയതിൽ അലോഹ്യമില്ലെന്നു തോന്നുന്നു?" അതു കഴിഞ്ഞു് ഒരു വിളറിയ ചിരി.

ഇത്രയൊക്കെ ഔട്ട്‌ലൈൻ വരച്ചതായിരുന്നു. പിന്നെയാണു് കാര്യത്തിലേയ്ക്കു രംഗപ്രവേശനംചെയ്തതു്.

"എത്രവരെ പഠിച്ചിട്ടുണ്ടു്....?" ഇതു് അയാളുടെ എത്രാമത്തെ ചോദ്യമാണെന്നു് പിടുത്തമില്ല.

"പത്തുവരെ .." ഞാൻ ഉത്തരം പറഞ്ഞു.

"സ്പീഡുണ്ടോ?...."

"എന്തിനാ... ?"

We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

SNOW WHITE

DRY CLEANERS & DYERS

NEAR NADUVILAL - TRICHUR.



# ദൈവവചനമിഷനറിമാർ

S. V. D. മിഷനറിമാരായി വിവിധ പ്രേഷിതരംഗങ്ങളിൽ ജോലിചെയ്യുവാൻ ആഗ്രഹിക്കുന്ന S. S. L. C. പരീക്ഷയ്ക്കു് എഴുതിയിരിക്കുന്നവരും മററ് ഹൈസ്കൂൾ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്നവരുമായ സൽസ്വഭാവികളും സമർത്ഥന്മാരുമായ കുഞ്ഞനുജന്മാർ കൂടുതൽ വിവരങ്ങൾക്ക് ഉടനെ അപേക്ഷിക്കുക:—

Fr. Vocation Director S. V. D.
Apostolic School,
Kaduthuruthy P.O. Kottayam Dt.

# MODERN MISSIONARIES

Who Preach Christ through

## Books, Films & Radio

Young men who desire to become modern apostles of Christ are invited to become Priests or Brothers in the Society of St Paul. Candidates for the Priesthood must have passed at least the S. S. L. C. or Matriculation. Write for a free booklet to:

Very Rev. Fr. Superior
Society of St Paul
Allahabad 2, U. P.

# ഭൂമിമാർക്ക് കുടകൾ



**നോക്കി വാങ്ങുവിൻ!**

**കച്ചവടക്കാർക്ക് പ്രത്യേക നിരക്ക്.**

## ജോസ് അമ്പ്രല്ലാ മാനുഫാക്ചറിങ്ങ് കമ്പനി

ഹൈറോഡ് ൪൪ തൃശ്ശൂർ-1.

"നിങ്ങൾക്ക് ടൈപ്പ്റൈറ്റിങ്ങിൽ എത്ര സ്പീഡുണ്ടെന്നറിയാനാ."

"ഓ ..." ഞാനൊന്നു നീട്ടി മൂളി.

"പത്തിൽ പാസ്സായാൽ കോളെജിൽ ചേരാൻ ഭാഗ്യമില്ലാത്തവർ മിക്കവരും ടൈപ്പ്റൈറ്റിങ്ങ് പഠിക്കും. അതുകൊണ്ടു ചോദിച്ചുപോയതാ."

"ഓ.... ഹോ.... ഞാൻ മറെറന്തോ കരുതി. ക്ഷമിക്കണം." ഞാൻ ഒരു ക്ഷമാപണം നടത്തി. പിന്നെ ഞാൻ അയാളുടെ ചോദ്യത്തിനു മറുപടി കൊടുത്തു:_

"അറുപതു്."

"നല്ലതു്! മിനിട്ടിൽ അറുപതു വേഡ് സ്പീഡുണ്ടല്ലേ....?"

അയാൾ അതു ചോദിച്ചപ്പോൾ എൻെറ മനസ്സിലൊരു ഇടിമുഴക്കമുണ്ടായി. ഞാനതുവരെ ഒരു ടൈപ്പ്റൈറിങ്ങ് മെഷീൻ എങ്ങനെയിരിക്കുമെന്ന് കണ്ടിട്ടില്ല. വട്ടത്തിലോ നീളത്തിലോ_ ആവോ?

അല്പനേരം അയാളെന്തോ ആലോചിച്ചുനിന്നു. അതു കഴിഞ്ഞു് ഇടതുകക്ഷത്തിലിരിക്കുന്ന തടിച്ച ഫയൽ എടുത്തു് വേഗത്തിൽ മറിക്കാൻ തുടങ്ങി. ഒരു കടലാസിൽ കുറെ നേരം നോക്കിനിന്നശേഷം അയാൾ എൻെറ മുഖത്തേയ്ക്കൊന്നു നോക്കി ചിരിച്ചു. എന്നിട്ടു തുടർന്നു:_ "യേസ്", യു ആർ എ ലക്കി ബോയ്. ദേർ ഈസ് എ ബെസ്റ്റ് ചാൻസ് ഇൻ തിയ്യേററർ...." അതു കഴിഞ്ഞു് അയാൾ വാച്ചിൽ നോക്കി. അതു നടക്കുന്നുണ്ടോയെന്നു സംശയമാണു്.

"ഓഹോ.... സമയം വൈകി. നമുക്ക് കാപ്പി കുടിക്കാം. ബാക്കി കാര്യങ്ങൾ അവിടെ വെച്ച് സംസാരിക്കാം."

അയാൾ എന്നെ കാപ്പി കുടിക്കാൻ ക്ഷണിച്ചു. ഞാൻ വേണ്ടെന്നു പറഞ്ഞില്ല. വയറു കിടന്നു് മൂളം വിളിക്കുകയായിരുന്നു.

ഞങ്ങൾ നല്ല ഒരു ഹോട്ടലിൽ കയറി. രണ്ടു് കാപ്പി വരുത്തി. രണ്ടും കുടിക്കാനുള്ള ആർത്തി ഉണ്ടായിരുന്നു. ഒന്നേ കുടിച്ചുള്ളൂ. കാപ്പികുടി കഴിഞ്ഞു് ബില്ല് വന്നു: 3ക. 70ന.പ എൻെറ ഉള്ളിലൊരു ചിരിയുണ്ടായി. കാരണം എൻെറ വിശപ്പിനൊക്കെ ഒരു ശമനം വന്നിരുന്നു.

ഇതിനിടെ അയാൾ എന്തൊക്കെയോ പറഞ്ഞു. മുഴുവൻ എൻെറ ചെവിയിൽ കടന്നില്ല. എൻെറ ശ്രദ്ധ മുഴുവൻ തിററയിലായിരുന്നു. തിയ്യററ റിലുള്ള ചാൻസ് വളരെ നല്ലതാണെന്നും അതു കിട്ടുവാൻ വളരെ പേർ പരിശ്രമിച്ചിട്ടുണ്ടെന്നും, അയാൾ പറഞ്ഞാൽ അതു് എളുപ്പത്തിൽ ലഭിക്കുമെന്നൊക്കെ. ചുരുക്കത്തിൽ എനിക്കു ജോലി വാങ്ങിത്തരാമെന്നു് അയാൾ വാഗ്ദത്തംചെയ്തു. എന്നിട്ട് ഒരു വിളറിയ ചിരിയോടെ തുടർന്നു: "അതിനു് അല്പം പണത്തിൻെറ ചെലവുണ്ടു്."

"പണത്തിനാണോ പ്രയാസം?" ഞാൻ വലിയ വാക്കിൽതന്നെ തട്ടിവിട്ടു.

"ഒരു അഞ്ഞൂറു്. അതു മുൻകൂർ വേണം. ഇതെനിക്കല്ല. എനിക്കതിൻെറ ആവശ്യവുമില്ല. പക്ഷെ.... അവിടത്തെ മാനേജർ ഒരു പണക്കൊതിയനാ."

പിന്നീട് അയാളുടെ ഒരു ഉപദേശമായിരുന്നു.

"ഈ അഞ്ഞൂറ് ഒരഞ്ചുമാസംകൊണ്ടു് നേടാമല്ലൊ .."

ഞാൻ അനുകൂലിച്ച മട്ടിൽ തല കുലുക്കി.

3ക. 70ന.പ. എന്നെഴുതിയിരുന്ന ബില്ല് എടുത്തു് അയാൾ സൂക്ഷിച്ചുനോക്കി. അപ്പോൾ എനിക്കല്പം ഭയം തോന്നി. എന്നോട് കാശു ചോദിക്കുമോ? എൻെറ കൈവശം ആകെ ശേഷിച്ചിരുന്നതു് 53ന.പ. യാണു്. വീട്ടിലേയ്ക്കു് തിരിച്ചെത്താൻപോലും അതു തികയില്ല. അങ്കിളിൻെറ കയ്യിൽനിന്നും വാങ്ങി ചെല്ലാനായിരുന്നു പിതൃക്കനായ എൻെറ അപ്പൻെറ ഓർഡർ. ഞാനതിനെ എതിർത്തില്ല. നല്ല പ്രായത്തോളം ഭൂമിയിലിരിപ്പാനായി അപ്പനേയും അമ്മയെയും ബഹുമാനിക്കണമല്ലൊ.

കുഴപ്പം ഒന്നും ഉണ്ടായില്ല. അയാൾ പൈസ കൊടുത്തു. ഞങ്ങൾ ഹോട്ടലിൽനിന്നിറങ്ങി.

ഓരോ കാര്യങ്ങൾ സംസാരിച്ചു് പിന്നേയും കുറെ നടന്നു. അതിനിടെ ഞാൻ അങ്കിൾ ഹൌസിൻെറ പടിയിലെത്തിക്കഴിഞ്ഞു.

"എൻെറ ഒരു സ്നേഹിതൻ ഇവിടെയുണ്ടു്. അയാളെ ഒന്നു കാണണം."

അതു പറഞ്ഞു് ഞാൻ അങ്കിളിൻെറ വീട്ടിലേയ്ക്കു കയറി. മുററത്തേയ്ക്കു കടന്നപ്പോൾ കൈസർ എൻെറ വരവിനെ അനൌൺസ്ചെയ്തു. എൻെറ നിമിഷസുഹൃത്തു് അപ്പോഴും ഗേയ്ററിൽ നിൽക്കുകയായിരുന്നു. ഞാൻ അങ്കിളിനെ വിളിച്ച് നടന്ന സംഭവങ്ങളെല്ലാം രഹസ്യമായി അറിയിച്ചു. അങ്കിളിൻെറ നിർദ്ദേശപ്രകാരം എൻെറ പുതിയ പരസ്പരസഹായസ്നേഹിതനെ വിളിച്ചു.

അമ്പമ്പോ ...... പിന്നെ എന്തൊക്കെയാണു് അവിടെ നടന്നതു്. ആകെ അടിമയം. "എടാ ഉടൻ പോയി സ്റ്റേഷനിൽ അറിയിക്ക്. ഇവൻ ഇവിടത്തെ പ്രധാന കേഡിയാണു്. പാവപ്പെട്ടവരായ പല അഭ്യസ്തവിദ്യരിൽനിന്നും ജോലി വാങ്ങി കൊടുക്കാമെന്നു പറഞ്ഞു് പണമപഹരിക്കുന്ന തെണ്ടിയാണിവൻ. വേഗം ചെല്ല്...."

ഞാൻ വേഗം ഓടി.

ഉടൻതന്നെ ഒരു പോലീസ്‌വേൻ വന്നു. എൻെറ നിമിഷസുഹൃത്തിനെ പോലീസുകാർ സ്വാഗതം ചെയ്തു. ഇഷ്ടൻ ഇടികഷായം സേവിക്കാൻ 'തറവാട്ടി'ലേയ്ക്കു പോവുകയാണു്. അപ്പോൾ എന്നെ നോക്കി അയാൾ പിറുപിറുക്കുന്നതു കേട്ടു: "ബല്ലാത്ത പഹയൻ."

— ജോസഫ് മേലിട്ട്, അഞ്ഞൂർ.



For

WEDDING SAREES

VISIT


# FASHION FABRICS

TRICHUR.




ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
ചന്ദ്രിക ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക


സുരഭിലമായ സ്നാനത്തിനും
നിർമ്മലമായ ചർമ്മത്തിനും
Ajanta
Nalpamara
SOAP
MEDICATED SOAP
അജന്ത
നാല്പാമര
സോപ്പ്
PAUL ELTHURUTH.
AJANTA CHEMICALS (REGD.) POONITHURA


നവദമ്പതിമാക്ക്
ഞങ്ങളുടെ
മധുരാശംസകൾ.
കല്ല്യാണസാരികൾക്കും
മറ്റെല്ലാ തുണിത്തരങ്ങൾ
ക്കും: ചാക്കോളാസ് സില്ക്ക് ഹൌസ്
Chakolas
SILK HOUSE
TRICHUR & ERNAKULAM